# GOVERNMENT HIGH SCHOOL

# KOZHENCHERRY




# ദ്യുതി

## DIGITAL MAGAZINE

ഗവ. ഹൈസ്കൂൾ കോഴഞ്ചേരി , ലിറ്റിൽ കൈറ്റ് മാഗസിൻ




Digital Magazine

Prepared by
Little kites Unit
GHS Kozhencherry
LK /2019/38040

## എഡിറ്റോറിയൽ ബോർഡ്

ജി. രമണി - ഹെഡ്മിസ്ട്രസ്
ബാബു വി. കെ - സീനിയർ അസിസ്റ്റന്റ്
ഗീത എം - എസ്. ഐ. റ്റി. സി
ബിജു മാത്യു കെ. സി. - കൈറ്റ് മാസ്റ്റർ
ഏലിയാമ്മ എം. എ. - കൈറ്റ് മിസ്ട്രസ്
അനിൽ കുമാർ സി. കെ - അധ്യാപക പ്രതിനിധി
അശ്വതി കെ. രാജ് - സ്റ്റുഡന്റ് എഡിറ്റർ
ആദിത്യ അനിൽ
ജസ്റ്റിൻ പി ജോൺസൺ
ദീപക് സുനിൽ




പ്രഥമാധ്യാപികയിൽ നിന്നും............



എത്ര ഭാഷകൾ പഠിച്ചാലും
ചിന്തിക്കുന്നത് മാതൃഭാഷയിലാണ്.
ഭാവനയും സാങ്കേതികതയും
സമന്വയിപ്പിച്ച് തങ്ങളിലെ
സാഹിത്യവാസനയെ പരിപോഷിപ്പിച്ച
ഈ സ്കൂളിലെ  ലിറ്റിൽ കൈറ്റ്സ്
യൂണിറ്റിന്റെ ദൃഷ്ടി എന്ന
ഡിജിറ്റൽ മാഗസിന്
എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.

ജി. രമണി.
ഹെഡ്മിസ്ട്രസ്
ജി. എച്ച്. എസ് . കോഴഞ്ചേരി



നിറഞ്ഞ മനസോടെ.......

സീനിയർ അസിസ്റ്റന്റിൽ നിന്നും.....

വായന മനുഷ്യനെ നന്മയിലേക്ക് നയിക്കുന്നു.
അത് സ്നേഹത്തിന്റെ വഴിയാണ്.
വായന മരിക്കുന്നത് എന്നത് താൽക്കാലിക വേവലാതി മാത്രം.
രൂപം മാറി വായന തുടർന്നു കൊണ്ടേയിരിക്കും.
അക്ഷരങ്ങൾ ഡിജിറ്റൽ മാഗസിനായപ്പോൾ നിറഞ്ഞ സന്തോഷം മാത്രം.
ജി. എച്ച്. എസ്. കോഴഞ്ചേരി ലിറ്റിൽ കൈറ്റ് യൂണിറ്റിന്റെ
ഈ ശ്രമത്തിന് എല്ലാ വിധ ആശംസകളും നേരുന്നു.

ബാബു വി. കെ.
സീനിയർ അസിസ്റ്റന്റ്.
ജി. എച്ച്. എസ്. കോഴഞ്ചേരി.

# എഡിറ്റോറിയൽ



ജീവിതത്തിലെ ഏറ്റവും സുന്ദരമായ കാലം- സ്കൂൾ ജീവിതത്തെ അങ്ങനെ വിശേഷിപ്പിക്കാനാണ് എനിക്കിഷ്ടം. ഹൈടെക് സ്കൂളുകൾ എന്ന ഭരണാധികാരികളുടെ ദർശനം ഞാനുൾപ്പെടെയുള്ള വിദ്യാർത്ഥികൾക്ക് നൽകിയ അവസരങ്ങളുടെ വാതായനം വിശാലമാണ്. ഈ സാധ്യതകളെ പ്രയോജനപ്പെടുത്താനുള്ള സ്ഥിരോത്സാഹം വിദ്യാർത്ഥിസമൂഹം നേടേണ്ടതുണ്ട്. ഡിജിറ്റൽ യുഗത്തിലെ പുത്തൻ മേച്ചിൽപ്പുറങ്ങൾ സ്വന്തമാക്കാൻ കുട്ടികളെ സഹായിക്കുന്ന ലിറ്റിൽ കൈറ്റ്സ്, ഐ. റ്റി. ക്ലബ്ബിന്റെ ഭാഗമായതിൽ ഞാൻ അഭിമാനിക്കുന്നു. സാഹത്യവും സാങ്കേതിക വിദ്യയും സമന്വയിപ്പിക്കാൻ സഹായിക്കുന്ന ഈ ഡിജിറ്റൽ മാഗസിൻ രൂപപ്പെടുത്തുവാൻ കഴിഞ്ഞതിൽ വലിയ ചാരിതാർത്ഥ്യമുണ്ട്. പകു വക്കാനാഗ്രഹിക്കുന്ന ഈ മാഗസിനിലെ സൃഷ്ടികൾ വായനക്കാർക്കായി ആദരവോടെ സമർപ്പിക്കുന്നു.


സ്നേഹത്തോടെ

നിങ്ങളുടെ സ്വന്തം
എഡിറ്റർ
അശ്വതി കെ. രാജ്
9 A

# താളുകൾ മറിക്കുമ്പോൾ........


| | കൃതിയുടെ പേര് | വിഭാഗം | രചയിതാവ് | പേജ് |
|---|---|---|---|---|
| 1. | എന്റെ മാതൃഭൂമി | - കവിത | - ആദിത്യ അനിൽ | 9 |
| 2. | കുയിലമ്മ | - കവിത | - ആതിര സോമൻ | 10 |
| 3. | ദുഃഖത്തിൻ നാളുകൾ | - ചെറുകഥ | - അങ്കിത പി. മധു. | 11 |
| 4. | കഥകളിലൂടെ- സ്വാമി വിവേകാനന്ദൻ | - ലേഖനം | - ദേവദത്ത് മനോജ് | 12 |
| 5. | അമ്മ മനസ്സിന്റെ നൊമ്പരങ്ങൾ | - കവിത | - അനഘ അശോക് | 13 |
| 6. | ഭാഷ – സംസ്കാരം | - ലേഖനം | - ജസ്റ്റിൻ പി ജോൺസൺ | 14 |
| 7. | വരുമെന്നോർത്തു ഞാൻ | - കവിത | - ആശ മോഹനൻ | 15 |
| 8. | മഞ്ഞു പെയ്യുമ്പോലെ കഥകൾ പറഞ്ഞ കഥാകാരൻ | - ലേഖനം | - അശ്വതി കെ. രാജ് | 16 |
| 9. | എന്റെ മാങ്ങ | - കവിത | - ബിജിത ബിജു | 18 |
| 10. | പ്രകൃതി ഭംഗി | - കവിത | - മഹിമ മനോജ് | 19 |
| 11. | സുഗതകുമാരി | - ജീവചരിത്രം | - അഞ്ജു അജയൻ | 20 |
| 12. | അദ്ധ്യാപകർ സമൂഹത്തിന് മാതൃകകളാകണം | - ലേഖനം | - ദീപക് സുനിൽ | 21 |
| 13. | എൻപ്രിയ തോഴി വേഗം വരൂ | - കവിത | - അഭിനന്ദ് പി. എസ്. | 23 |
| 14. | ആധുനീക ഭാരത നിർമ്മിതിയിൽ വിദ്യാർത്ഥികളുടെ പങ്ക് | - ലേഖനം | - ബിജിൽ കെ. ബി | 24 |
| 15 | കുറ്റിപ്പുഴ കൃഷ്ണപിള്ള | ജീവചരിത്രം | - നീതുമോൾ ബി.റ്റി | 26 |
| 16 | മഴയ്ക്കെന്തോ പറയുവാനുണ്ട് | - കവിത | – സജിത്ത് എം എസ്. | 27 |
| 17 | മഴവില്ല് | -കവിത | - ജിഷ്ണു സജി | 28 |
| 18. | ഈശ്വരൻ | -കവിത | -ബിജീഷ്ലാൽ | 29 |
| 19 | അന്ത്യചുംബനം | -ചെറുകഥ | -ശരത്ത് പി. എസ് | 30 |
| 20 | ചിത്രകല- ആശയവിനിമയത്തിന്റെ ആദ്യഭാഷ | -ലേഖനം | -സഞ്ജിത്ത് എം ആർ | 32 |
| 21 | മഞ്ഞക്കിളി | -കവിത | -ജിത്തു അജി | 33 |
| 22 | ഭാരതം | -കവിത | -അഭിജിത്ത് അനിൽ | 34 |
| 23 | മറക്കരുതേ മലയാളത്തെ | -കവിത | -നീതുമോൽ ബി റ്റി | 35 |
| 24 | തിരുവോണപ്പുലരി | -കവിത | -അഭിജിത്ത് അനിൽ | 36 |
| 25 | ഓണം | -കവിത | -ബിജീഷ് ലാൽ | 37 |
| 26. | നദി | -കവിത | -ജിത്തു അജി | 38 |
| 27. | പുഴകൾ | -കവിത | -മഹിമ | 39 |
| 28 | പച്ചപ്പ് | -കവിത | -ബിജിത ബിജു | 40 |
| 29 | റോസാപ്പൂവ് | -കവിത | -ആശ മോഹനൻ | 41 |
| 30 | പ്രകൃതി | -കവിത | -ജിഷ്ണു സജി | 42 |

| | കൃതിയുടെ പേര് | വിഭാഗം | രചയിതാവ് | പേജ് |
|---|---|---|---|---|
| 31 | മൂലധനം | -കവിത | -ബിജിൽ കെ. ബി | 43 |
| 32 | വർണമഴ | -കവിത | -ജിത്തു അജി | 44 |
| 33. | സ്വപ്നം | -കവിത | - സഞ്ജിത്ത് എം ആർ | 45 |
| 34 | മംഗൾയാൻ | -കവിത | - അജു അജയൻ | 46 |
| 35. | മഴചൊല്ലുകൾ | -പഴഞ്ചൊല്ല് | -ആദിത്യ അനിൽ | 47 |
| 36 | ജുനിയ വീട്ടിലെ വിരുന്നകാരി | -കവിത | -അമ്പ്രതി കെ രാജ് | 48 |
| 37 | അമ്മ | -കവിത | --ദീപക് സുനിൽ | 49 |
| 38 | മാനിഷാദ | -തിരക്കഥ | -ദേവദത്ത് മനോജ് | 50 |
| 39 | എന്തു സുന്ദരമീ പ്രകൃതി | -കവിത | -ആദിത്യ അനിൽ | 56 |
| 40 | കാടിന്റെ ഭംഗി | -കവിത | -ദേവദത്ത് മനോജ് | 57 |
| 41 | പ്രകൃതി എന്തു ഭംഗി | -കവിത | -ബിജിത ബിജു | 58 |
| 42 | മണ്ണും മനുഷ്യനും ലേഖനം | -ലേഖനം | -അനഘ അശോക് | 59 |
| 43 | നമ്മുടെ പ്രകൃതി | -കവിത | -അങ്കിത പി മധു | 60 |
| 44 | മാവു മരം | -ലേഖനം | -ആതിര സോമൻ | 61 |
| 45 | പ്രകൃതി | -കവിത | -അശ്വതി കെ. രാജ് | 62 |
| 46 | വൈക്കം മുഹമ്മദ് ബഷീർ | -ജീവചരിത്രം | -ആദിത്യ അനിൽ | 63 |
| 47. | ബഷീർ ക്വിസ്സ് | -ക്വിസ്സ് | -അനഘ അശോക് | 65 |
| 48. | ബഷീർ കൃതികൾ | | -മഹിമ മനോജ് | 66 |
| 49 | ബഷീർ ബഹുമതികൾ | | -അജു അജയൻ | 68 |
| 50 | ബഷീർ സാഹിത്യ ശൈലി | | -അഭിനന്ദ് പി, എസ് | 69 |
| 51 | സയൻസ് ക്വിസ്സ് | -ക്വിസ്സ് | -ബിജീഷ് ലാൽ | 70 |
| 52 | ഗണിത ക്വിസ്സ് | -ക്വിസ്സ് | -സഞ്ജിത്ത് എം. ആർ. | 72 |

ഒരു പിടി ഉപ്പുകൊണ്ട്
സൂര്യനസ്തമിക്കാത്ത
സാമ്രാജ്യത്തെ
തോല്പിക്കാമെന്ന് തെളിയിച്ച
മഹാനുഭാവന്
പ്രണാമം.........




**എന്റെ മാതൃഭൂമി** (കവിത)

നിറയുന്ന മനസ്സും
കവിയുന്ന കുടവും
നിറയുന്ന കിണറും
വളരുന്ന പുഴയും
നീലിച്ച മാനവും
പച്ചിച്ച കാടും

ഇതുമാത്രമാണെന്റെ മാതൃഭൂമി
ജീവിതചക്ര കറക്കത്തിൽ
നായകൻമാരുടെ ഊർജ്ജമീ മാതൃഭൂമി

മനുജനെ അറിയാത്ത കാലവും
കനിവില്ല, തീരവും കണ്ടിരിക്കെ...
അറിവറ്റെരമ്മയാം മാതൃഭൂമി
പച്ചക്കിളികൾ പാടുന്നിതാ...

എന്റെ സ്വന്തം ഇന്ന് എൻമാതൃഭൂമി
നിറയുന്ന മനസ്സും
കവിയുന്ന കുടവും
നിറയുന്ന കിണറും

സ്വപ്നം മാത്രമാകുമോ...
അതുമാത്രമാകുമോ...
നിവൃറ്റൊരെൻ
മാതൃഭൂമി.

ആദിത്യ അനിൽ , ൭ A


## <u>കുയിലമ്മ</u> (കവിത)

കുയിലമ്മേ നിന്റെ മധുരനാദം കേട്ട്
കുളിർമഴ പെയ്യുന്നെൻ കാതുകളിൽ

ഇന്നലെ നിൻ മധുരനാദം ഇടറിയതുകേട്ട്
തീമഴ ഏറ്റുപോയ് എൻ കാതുകളിൽ

എന്താണു കാരണം ചൊല്ലുകില്ലേ?
നിൻ ദുഃഖത്തിൻ കാരണം പറയുകില്ലേ?

കൂട്ടിൽ നിനക്ക് തുണയുണ്ടല്ലോ
കുഞ്ഞുങ്ങളുണ്ടല്ലോ കൂട്ടിനായി



പിന്നെയീ ദുഃഖത്തിൻ കാര്യമെന്ത്
ചൊല്ലുകില്ലേ എൻ പ്രിയ സഖിയേ

പെട്ടെന്ന് പോകുന്നതെങ്ങോട്ട് നീ
ചോദ്യശരങ്ങളിൽ കോപിച്ചുകൊണ്ട്

പോകരുതേ എൻ പ്രിയ സഖിയേ
കോപം ഒരിക്കലും നല്ലതല്ല.

ആതിര സോമൻ
9 A

## ദുഃഖത്തിൻ നാളുകൾ... (ചെറുകഥ)

അവൾ വല്ലാതെ പേടിച്ചിരിക്കുന്നുണ്ടായിരുന്നു. കൈ വിറക്കുകയും, വല്ലാതെ വിയർക്കുകയും ചെയ്തിരുന്നു. എന്നും അവൾക്ക് ഓരോ അടിവീതം എന്റെ മാതാപിതാക്കളുടെ കൈയിൽ നിന്ന് ലഭിക്കുമായിരുന്നു. നൊമ്പരം കൊണ്ട് പുളയുന്ന അവളെ കാണുമ്പോൾ എനിക്ക് എന്തുചെയ്യാൻ കഴിയും. ഈ കോടീശ്വരന്റെ മകനായി പിറന്നു പോയില്ലേ!

"കാവേരി". അവളെക്കുറിച്ചാണ് ഞാൻ ആദ്യം പറഞ്ഞത്. എന്റെ വീട്ടിലെ ജോലിക്കാരി. പതിനാറു വയസ്സുള്ളുവെങ്കിലും പഠനത്തോടൊപ്പം എല്ലാ ജോലികളും അവൾ ചെയ്യുമായിരുന്നു. ഒരു ചെറിയ തെറ്റിനുപോലും എന്റെ അമ്മ അവളെ തല്ലുമായിരുന്നു. ഒരിക്കൽ അവൾ ഞങ്ങളുടെ വീട്ടിലെ ഒരു കപ്പിപാത്രം അറിയാതെ താഴെ വീണു പൊട്ടി പോയി. അതിന് എന്റെ അമ്മ അവളെ ചൂടു ചട്ടകം അവളുടെ കാലിന്മേൽ വെച്ചു പൊള്ളിച്ചു. അവളുടെ നിലവിളി ഇന്നും എന്റെ കാതുകളിൽ തുളച്ചു കയറുന്നുണ്ട്. ആരുടെയെങ്കിലും മുൻപിലേക്ക് പോകാൻ തന്നെ അവൾക്കു ഭയമായിരുന്നു. ഒരിക്കൽ അവൾ ചെയ്യാത്ത കുറ്റത്തിന് ശിക്ഷ അനുഭവിക്കേണ്ടി വന്നിരിക്കുന്നു. എന്റെ അനുജൻ ഓയിൽ പെയിന്റുകൾ താഴെയിട്ടതിനു കാവേരിയെ ശിക്ഷിക്കാൻ എന്റെ അമ്മ തുനിഞ്ഞു. ആരും തടഞ്ഞില്ല. ഈ ആറു വർഷങ്ങൾക്ക് ശേഷവും ഈ ഓർമ്മകൾ മായാതെ എന്റെ മനസ്സിൽ നിൽക്കുന്നുണ്ട്. അവൾ എന്ത് തെറ്റാണ് ചെയ്ത് ത്. കരഞ്ഞ് കരഞ്ഞ് ആ പാവത്തിന്റെ കണ്ണുനീർ വറ്റിയിരിക്കും. അതുമല്ലെങ്കിൽ എന്നും തല്ല് കിട്ടി വേദന അറിയാതെ പോയിരിക്കണം. ഇപ്പോൾ ഈ കാര്യങ്ങൾ പറയാൻ എന്തായിരിക്കും കാരണമെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടായിരിക്കും. അതിനു തക്കതായ കാരണമുണ്ട്. അവൾ ഇപ്പോൾ ഡോക്ടറാണ്. അതുമല്ലാതെ എന്റെ ഭാര്യ കൂടിയാണ്. അന്ന് ചട്ടകം വെച്ച് പൊള്ളിച്ചപ്പോൾ ഉണ്ടായ ശബ്ദം എന്റെ മനസ്സിനെ പിന്നീട് അലട്ടി. അവളെ ഞാൻ പഠിക്കാൻ സഹായിച്ചു. ആദ്യമൊക്കെ അവൾ എന്നെ എതിർത്തുവെങ്കിലും ഈ നരകത്തിൽ നിന്നു രക്ഷപ്പെടാനുള്ള മാർഗം കിട്ടിയപ്പോൾ മനസ്സില്ലാ മനസ്സോടെ അവൾ എന്റെ സഹായം സ്വീകരിച്ചു. അവൾക്ക് എൻട്രൻസ് പരീക്ഷയിൽ ഒന്നാം റാങ്കും ഉണ്ടായിരുന്നു. വീട്ടുകാർ എതിർത്തുവെങ്കിലും ഞാൻ അവളെ വിവാഹം ചെയ്തു. ആ ദുഃഖത്തിന്റെ നാളുകൾ ഓർക്കുമ്പോൾ ഇപ്പോഴും ഒരു പേടി.

അങ്കിത പി. മധു
9 A

## കഥകളിലൂടെ സ്വാമി വിവേകാനന്ദൻ

ഞാൻ വായിച്ച ബുക്കിന്റെ പേര് കഥകളിലൂടെ 'സ്വാമി വിവേകാനന്ദൻ' എന്നാണ്. എം. എസ് മണിയാണ് ഈ ബുക്ക് രചിച്ചത്. സ്വാമി വിവേകാനന്ദനെ കുറിച്ചുള്ള കഥയാണ് ഇതിലുള്ളത്. വിവേകാനന്ദപാറയിലേക്ക് ഉള്ള വിനോദയാത്രയിൽ സ്വാമിജിയെക്കുറിച്ച് കഥകൾ പറഞ്ഞു കൊടുക്കുന്ന രീതിയിലാണ് ബുക്ക്.

വിനോദയാത്ര എന്ന ആദ്യത്തെ കഥയിൽ വിവേകാനന്ദന്റെ ചെറുപ്പകാലത്തെ കുറിച്ച് പറയുന്നുണ്ട്. ചെറുപ്പത്തിലെ നല്ല ബുദ്ധിയും ഓർമശക്തിയും നരേന്ദ്രന് ഉണ്ടായിരുന്നു. ഈശ്വരചിന്തയും ധ്യാനശീലവും ഉള്ള നരേന്ദ്രൻ ശ്രീരാമകൃഷ്ണന്റെ ശിഷ്യനായി. ആത്മീയശക്തി കൊണ്ട് ഗുരുവും ശിഷ്യനും വളരെ അടുത്തു. അവർ തമ്മിലുള്ള ബന്ധം കാണിക്കുന്ന ധാരാളം കഥകൾ ഈ ബുക്കിൽ ഉണ്ട്. ഓരോ കഥയും നരേന്ദ്രന്റെ അറിവും ഭക്തിയും കാണിക്കുന്നു.

നരേന്ദ്രന്റെ വിവിധ പ്രായത്തിലുള്ള ചിത്രങ്ങൾ ഈ ബുക്ക് കൂടുതൽ ഇഷ്ടപ്പെടാൻ കാരണമായി. ബാലനായിരിക്കുമ്പോൾ അടച്ചിട്ട മുറിയിൽ ധ്യാനിച്ചിരിക്കുന്നത് നരേന്ദ്രന്റെ വിനോദമായിരുന്നു. ഗുരുവിന് രോഗം ബാധിച്ചപ്പോൾ പഠനം തന്നെ ഉപേക്ഷിച്ച് ഗുരുവിനെ ശുശ്രൂഷിച്ചു. ഗുരു മരിക്കാറായ സമയത്ത് നടന്ന സംഭവങ്ങൾ വളരെ ഭംഗിയായി ഇതിൽ പറയുന്നുണ്ട്. ഗുരുവിന്റെ മരണശേഷം നരേന്ദ്രൻ സന്യാസി മഠം സ്ഥാപിച്ചു. ഗുരുവിന്റെ ആശയം പ്രചരിപ്പിച്ചു. വിവേകാനന്ദസ്വാമികൾ എന്ന പേര് സ്വീകരിച്ചു. ഈ ഭാഗം വായിക്കുമ്പോൾ ഒരു നല്ല ശിഷ്യന്റെ ഗുണം നമുക്ക് മനസ്സിലാകും.


ദേവദത്ത് മനോജ്
9 A

കഴിവുള്ളവൻ ചെയ്യുന്നു
അതില്ലാത്തവൻ പഠിപ്പിക്കുന്നു.

ബെർണാഡ് ഷാ

# അമ്മ മനസ്സിന്റെ നൊമ്പരങ്ങൾ.......(കവിത)

ഏറെ നേരമായ് കാത്തിരിക്കയാണമ്മ
എവിടെ എന്റെ ഉണ്ണി ഞാൻ കാത്തിരിക്കയാ
നിന്നെ എൻ ഓമലേ
നീ ഒന്നു വന്നെങ്കിൽ ഒരു നോക്കുകണ്ടെങ്കിൽ
എൻ ഓമലേ നിന്നെയും കാത്തിരുന്ന് കാണാതെയായി
നിമിഷങ്ങളോരോന്നു കഴിയുമ്പോഴെൻ
എൻ മനസ്സിറുക്കുന്നു, ഞാനോ പിടയുന്നു
എൻ ഓമലേ... എവിടെയാണ് ഇന്ന്
നീ എവിടേക്ക് പോയി നീ എൻ ഓമലേ
നിന്നെയോർത്ത് പിടയുന്നു
നിൻ മുഖം കണ്ടെങ്കിൽ ഒരാശ്വാസമായെങ്കിൽ
പിരിയില്ല ഒരിക്കലും നിന്നെ എൻ ഓമലേ
പിരിയില്ല ഞാൻ നിന്നെ ഒരിക്കലും
എന്റെ വിഷാദത്തിൽ നിമിഷം
എന്റെ ജീവിതത്തിലെ എരിയുന്ന
നാളമാകയോ നീ...
നീ എവിടെ എൻ ഓമലേ
നിന്നെയും കാത്ത് ഞാൻ ഇരിക്കുന്നു.
നെയ്ത്തിരി നാളമായ്
ക്രൂരിരുട്ടിൽ നിന്നെയും
കാത്ത് ഈ പൂമുഖത്ത്....



അനഘ അശോക്
൯ A

## ഭാഷ, സംസ്കാരം (ലേഖനം)

പ്രിയ വായനക്കാരെ, നമ്മുടെ സംസ്കാരത്തിന്റെ മുഖമുദ്രയാണ് നമ്മുടെ ഭാഷ. അങ്ങനെയുള്ള നമ്മുടെ ഭാഷയെ വികലമാക്കുന്നത് നാം തന്നെയല്ലെ. ബ്രിട്ടീഷുകാർ ഇന്ത്യയിലേക്കു കടന്നുവന്നപ്പോൾ അവർ നമ്മളെ കീഴ്പെടുത്തി ഒരു പുതിയ സംസ്കാരം ഉയർത്തികൊണ്ടുവന്നു. അതാണ് ഇംഗ്ലീഷ് ഭാഷയെന്ന് നമുക്ക് നിസംശയം പറയാൻ സാധിക്കും. ബ്രിട്ടീഷുകാർ പോയിട്ടും അവരുടെ ഈ പുതിയ സംസ്കാരം നമ്മെ വിട്ടുപോയിട്ടില്ല. ഇന്ന് അത് കേരളത്തിന്റെ സ്വന്തം ഭാഷയായ മലയാളത്തെ പിൻതള്ളി മുന്നേറിയിരിക്കുന്നു. മലയാളികൾ മലയാളത്തിന്റെ മാഹാത്മ്യം മറന്നു പോയിരിക്കുന്നു. ഇന്ന് നവ മാധ്യമങ്ങളിലൂടെയും റിയാലിറ്റി ഷോകളിലും മലയാളത്തെ വികലമാക്കിയിരിക്കുന്നത് കാണാൻ സാധിക്കും. മലയാളവും ഇംഗ്ലീഷും കൂട്ടി കലർത്തിയാണ് അവർ ഭാഷയെ വിനിയോഗിക്കുന്നത്. ഇത് ഒരു തരത്തിൽ പറഞ്ഞാൽ ഭാഷയെ അപമാനിക്കൽ തന്നെയാണ്.

ഇന്നത്തെ മാതാപിതാക്കൾ തങ്ങളുടെ മക്കളെ ഉന്നതമായ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ ചേർക്കാൻ പരസ്പരം മത്സരിക്കുകയാണ്. മലയാളം മീഡിയത്തിൽ പഠിക്കുന്നത് ഒരു കുറ്റമായി അവർ കണക്കാക്കുന്നു. ഈ മനോഭാവം കുട്ടികളിൽ നിറയ്ക്കുന്നത് ഭാഷയോടുള്ള അവഗണനയാണ്.

മഹാകവി വള്ളത്തോൾ സാഹിത്യമഞ്ജരിയിൽ എഴുതിയിരിക്കുന്നതു പോലെ "മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ മർത്ത്യന്നു പെറ്റമ്മ തൻ ഭാഷ താൻ"

മലയാള ഭാഷയോളം വരില്ല നമുക്ക് മറ്റൊരു ഭാഷയും. മറ്റുള്ള അന്യ ഭാഷകൾ മലയാളത്തിന്റെ തോഴിമാർ മാത്രമായിരിക്കും ഏതൊരു പിഞ്ചുകുഞ്ഞും ആദ്യമായി പറയുന്നത് അവരുടെ മാതൃഭാഷയാണ്. അതുപോലെ തന്നെയാണ് മലയാളവും കുഞ്ഞുങ്ങൾ ഉച്ചരിക്കുന്നത്. എന്നാൽ വളർന്നു വരുമ്പോൾ അവർ അവർ മലയാളത്തെ മറക്കുകയും English- നെ സ്വീകരിക്കുകയും ചെയ്യുന്നു. ഇത് മലയാളമെന്ന മാതൃഭാഷയോട് ചെയ്യുന്ന ഏറ്റവും വലിയ ചതിയാണ്. സ്വഭാഷയെ നിന്ദിക്കുന്നവർ സ്വന്തം മാതാവിനെ നിന്ദിക്കുന്നവരാണ് എന്ന് ഒരു സന്ദേഹവുമില്ലാതെ പറയാൻ കഴിയും മലയാള മാതാവിന്റെ അനുഗ്രഹവും നേടി നമുക്കു വിജയത്തിന്റെ പടവുകൾ കയറാനാകും. പ്രിയ വായനക്കാരെ മറക്കല്ലെ മലയാളത്തെ മറ്റേതു ഭാഷയെക്കാളും മഹത്വമുള്ളത് നമ്മുടെ മലയാളത്തിനാണെന്ന കാര്യവും മറക്കരുത്. ഇന്ന് ശ്രേഷ്ഠ ഭാഷാ പദവിയിൽ ഇരിക്കുമ്പോൾ നമ്മുടെ ഭാഷയെക്കുറിച്ചോർത്ത് ഏതൊരു കേരളീയനും അഭിമാനിക്കാൻ വകയുണ്ട്. ഇനിയും ഉയരാൻ പോകുന്ന മലയാള മാതാവിനെ നമിച്ചുകൊണ്ട് ഞാൻ ഈ ലേഖനം ചുരുക്കുന്നു.

ജസ്റ്റിൻ പി ജോൺസൺ
൯ A


## **വരുമെന്നോർത്തു ഞാൻ** (കവിത)

എന്നും എൻ പടിവാതിലിൽ
അമ്മ വരുന്നതോർത്തു ഞാൻ
കണ്ണും നട്ടു ഞാൻ കാത്തിരിക്കും
സ്നേഹത്തിൻ നിറകുടമായ
വാത്സല്യത്തിൻ പൊരുളായ
എൻ ദൈവത്തെ കാത്തിരിക്കും

എന്നെ താലോലിച്ച കരങ്ങൾ
എല്ലായ് പ്പോഴും കാണാൻ ഞാൻ കൊതിച്ചിരിക്കും
അമ്മ വരുമെന്നോർത്തുഞാൻ
എല്ലാ ദിനങ്ങളും കാതോർത്തിരിക്കും
കാത്തിരിപ്പിൻ ദുഃഖം ഞാൻ ആസ്വദിക്കും

അമ്മ താൻ എല്ലാമേ
അമ്മ താൻ സ്വർഗമേ
അമ്മ താൻ സ്നേഹമേ
അമ്മ താൻ പുണ്യമേ
അമ്മയെകാത്തിരിപ്പൂ ഞാൻ....

ആശ മോഹനൻ
9 A



## മഞ്ഞ് പെയ്യും പോലെ- കഥകൾ പറഞ്ഞ ഒരു കഥാകാരൻ (ലേഖനം)

"കൊടുമുടികളുടെ വെള്ളിത്തലപ്പുകൾ അപ്രത്യക്ഷമായി. മലനിരകളിൽ നിന്ന് മറ്റൊരു മേഘക്കീറുപോലെ ഇളം നീലഛായ കലർന്ന മഞ്ഞിൻ പടലം താഴ് വരയിലേക്ക് ഇറങ്ങിവന്നു. താഴെ വള്ളിപ്പടർപ്പുകൾക്കിടയിൽ കുടുങ്ങിക്കിടന്ന വർണ്ണശബളമായ പൊങ്ങുതടി സ്വാതന്ത്ര്യം നേടി" ("മഞ്ഞ് ")

ഒരു തണുത്ത വെളുപ്പാൻ കാലത്ത് നേർത്ത ഇളവെയിലിനൊപ്പം മെല്ലെ പെയ്തിറങ്ങുന്ന മഞ്ഞ് പോലെ, അനുവാചക ഹൃദയങ്ങളിലേക്ക് അരിച്ചിറങ്ങുന്ന ഈ വരികൾ ആരുടേതാണ്? ദൃശ്യങ്ങളുടെ കാവ്യഭംഗിയിൽ നിശ്ശബ്ദമായ വായനയുടെ ഈ കഥാകാരൻ ആരാണ്? ഓർമ്മകൾ നിഴൽ വിരിച്ച കൂടല്ലൂരിന്റെ നാട്ടുവഴികളിലൂടെ അയാൾ മെല്ലെ നടന്നു കയറുകയാണ്. മലയാളിയുടെ അനുവാചക മനസ്സിൽ ശാദ്വല തീരങ്ങളിലേക്ക്... മലയാളത്തിന്റെ പ്രിയ കഥാകാരൻ. എം.ടി

മലയാള സാഹിത്യലോകത്ത് ദേശപ്പെരുമയുടെയും നാട്ടു പഴമയുടെയും ഗന്ധവും ശബ്ദവും അനുഭവിപ്പിച്ച എഴുത്തുകാരിൽ എന്തുകൊണ്ടും വ്യത്യസ്തനാകുന്നു എം. ടി. നാലുകെട്ടും നടുമുറ്റവും വടക്കിനിയും തെക്കിനിയും വെളിച്ചപ്പാടും ഭഗവതിക്കാവും മലയാളിഗൃഹാതുരത്വത്തിന്റെ ബിംബങ്ങളായി നിറഞ്ഞിടുന്നു എം.ടി കഥകളിൽ. ഈ വാങ്മയ കഥാപരിസരം സൃഷ്ടിക്കുന്നതിൽ എം.ടി.യോളം വിജയിച്ച മറ്റൊരു എഴുത്തുകാരനില്ല തന്നെ.

അടുത്ത ഓണത്തിന് പാവു മുണ്ടും കവറിട്ട പന്തും കിട്ടിയിരുന്നില്ല. അമ്മാവൻ കൊടുത്തയച്ച മുഴിർപ്പൻ നടുമുറിയിൽ ഒരിളിഭ്യാച്ചിരിയോടെ അടിക്കൊണ്ടിരുന്നു... ചെറിയമ്മയുടെ മുറിയിൽ വലിയ രണ്ടു നേന്ത്രക്കുലയുണ്ടായിരുന്നു. (നിറുങ്ങുന്ന ശൃംഖലകൾ) .

തകർന്നുക്കൊണ്ടിരിക്കുന്ന ഒരു സാമ്പത്തികവ്യവസ്ഥയുടെ (മരുമക്കായത്തിന്റെ) ദുരന്തചിത്രങ്ങൾ കോറിയിടുമ്പോൾ പരിവർത്തനത്തിന്റെ ഗതിവിഗതികൾക്കിടയിൽ ഉടയുന്ന ജീവിതങ്ങളുടെ നേർക്കാഴ്ചകൾ വിദഗ്ധമായി അവതരിപ്പിക്കുന്നു. ഈ കഥാകാരൻ സ്ത്രീകളുടെ ആത്മ നൊമ്പരങ്ങളും ഇരുട്ടിന്റെ അന്തമക്കളുടെ തേങ്ങലുകളും ബഹിഷ്കൃത ജീവിതങ്ങൾ നിശബ്ദം അലയുന്ന തറവാടിന്റെ കോലായിക്കൽ നമ്മുടെ നെടുവീർപ്പുകളിൽ സ്വയമലിഞ്ഞു ചേരുന്നത് എം.ടി. ക്കു മാത്രം സ്വന്തമായ കഥാഖ്യാന തന്ത്രത്തിന്റെ സവിശേഷതകൾ കൊണ്ടുമാത്രമാണ്.

തടാകത്തിനും നഗരത്തിനും മുകളിൽ ഏപ്രിൽ മാസത്തിലോ ഇളം മഞ്ഞ്, പണ്ടെപ്പോഴോ, പകലുറക്കത്തിൽ കണ്ട ഒരു സ്വപ്നം പോലെ പാറി നടക്കുന്നു." (മഞ്ഞ്)

ആഖ്യാനം അവാച്യസുന്ദരമായ ഭാവഗീതങ്ങളായി മാറുന്ന "മഞ്ഞ് " എം.ടി.യുടെ രചന വൈഭവത്തിന്റെ മകുടോദാഹരണങ്ങളാണ്. ഏകാന്തതയുടെയും കാത്തിരിപ്പിന്റെയും നേർത്ത വേദനകൾ ആത്മാവിലേക്ക് പെയ്തിറങ്ങുന്ന അനുഭാവമാകുന്നു. "മഞ്ഞി"ന്റെ വായന.

ഏകാകിനിയായ വിമലയും ചെമ്പൻ മുടിയും വെള്ളാരങ്കണ്ണുകളുമുള്ള തോണിക്കാരൻ ബുദ്ധുവും വാച്മാൻ അമർസിംഗും സുധീർകുമാർ മിശ്രയും കുമത്തുൺ കുന്നുകളും നൈനീത്താളും മഞ്ഞ് പെയ്യുന്ന താഴ് വരയും അനുവാചക മനസ്സിന്റെ സ്വകാര്യ ഇടങ്ങളിലെന്നോ കുടിയേറിയിരിക്കുന്നു. നമ്മോടൊപ്പം, നമ്മളിലൊരാളായ് നമ്മുടെ

പരിചിതദേശങ്ങളായ്.

അവസ്ഥാന്തരം കൈ വന്ന കുടുംബവ്യവസ്ഥയുടെ ശ്ലഥ ചിത്രങ്ങൾ അക്ഷരങ്ങളിലൂടെ പുനരവതരിപ്പിക്കാൻ എം.ടി തെരഞ്ഞെടുത്ത രചനതന്ത്രം വായനക്കാർക്ക് ഹൃദയത്തിൽ തട്ടും വിധത്തിൽ സ്വന്തം അനുഭവങ്ങളാകുന്നു. പ്രതീകാത്മകവും നിർമ്മലവുമായ ഭാഷയുടെ അതീവ ശ്രദ്ധയാർന്ന പ്രയോഗം അറ്റുപോകുന്ന മനുഷ്യബന്ധങ്ങളുടെ ജൈവഭാവങ്ങളെ ശക്തമായി ആവിഷ്കരിക്കുന്നു.

ജീവിതത്തെ അതിസൂക്ഷ്മമായി നിരീക്ഷിക്കുകയും പഠിക്കുകയും ചെയ്യുക. അതിൽ നിന്നും അനുഭവ പാഠങ്ങൾ രൂപപ്പെടുത്തുക. ഗ്രാമപരിസരത്തിൽ നിന്നും നിത്യേന കണ്ടുമുട്ടുന്ന മനുഷ്യരൂപങ്ങളിലേക്ക് അവ ആവാഹിക്കുക. അവരിൽ നിന്നും മാനവികതയുടെ ശബ്ദം കേൾക്കുക. ഇങ്ങനെ ഒരു വള്ളുവനാടൻ കഥാപരിസരം എം.ടി. സൃഷ്ടിക്കുകയായി.

തീർച്ചയായും ഓർമ്മകളുടെ കലവറയിൽ രത്നം പോലെ സൂക്ഷിച്ചുവയ്ക്കേണ്ടതു തന്നെയാണ് എം. ടിയുടെ കഥകൾ.

അശ്വതി. കെ. രാജ്
൯ A

## എന്റെ മാങ്ങ (കവിത)

എന്റെ മാവ് എന്റെ മാവ്
പച്ച ഉടുപ്പിട്ട എന്റെ മാവ്
മാവ് പൂത്തപ്പോൾ ഓ....ഓ....
പൂവായി കായായി പഴുത്ത ഒരു പഴമായി


എനിക്ക് നീ ഒരു മാമ്പഴം തരുമോ
അണ്ണാറക്കണ്ണാ നീ തരുമോ
ഏത് നിറമാണ് വേണ്ടത്
പച്ചയാണോ അതോ മഞ്ഞയാണോ

എനിക്ക് വേണ്ടത് മഞ്ഞയാണ്
ഇന്നാ പിടിച്ചോ മഞ്ഞ മാങ്ങ
പിന്നെ ഒരെണ്ണം മതിയേ അണ്ണാറക്കണ്ണാ
കൈ നിറയെ നിനക്ക് തരാം

രുചിച്ച് നീ കഴിച്ചോളൂ
എൻ പ്രിയസുഹൃത്തേ നിനക്ക് നന്ദി..

ബിജിത ബിജു
9 A

## പ്രകൃതിഭംഗി (കവിത)



എത്ര സുന്ദരം എത്ര സുന്ദരം
ഈ പ്രകൃതി
തേജസ്സിയാം സൂര്യവിളക്ക് എത്ര സുന്ദരം
ചെറു അരുവികളും പുഴകളും

കളകളം പാടുന്നത്
കേൾക്കാൻ എത്ര സുന്ദരം
എത്ര സുന്ദരം എത്ര സുന്ദരം
എന്റെ പ്രകൃതി

കുന്നുകളും മലകളും എത്ര സുന്ദരം
ഈ പ്രകൃതിയിൽ അലിയുന്നത്
എത്ര സുന്ദരം

മഹിമ മനോജ്
9 A

സുഗതകുമാരി (ജീവചരിത്രം)



1931-ൽ തിരുവനന്തപുരത്തു ജനിച്ചു. കവയിത്രി എന്നതിനു പുറമെ സാമൂഹിക പ്രവർത്തനരംഗത്തും പ്രകൃതിസംരക്ഷണരംഗത്തും വിലപ്പെട്ട സംഭാവനകൾ നൽകി. മുത്തുച്ചിപ്പി, സ്വപ്നഭൂമി, പാതിരപ്പൂക്കൾ, രാത്രിമഴ, പാവം മാനവ ഹൃദയം, അമ്പലമണി, ഇരുൾച്ചിറകുകൾ, തുലാവർഷപ്പച്ച, ദേവദാസി, കുറിഞ്ഞിപ്പൂക്കൾ, കൃഷ്ണക്കവിതകൾ, രാധയെവിടെ തുടങ്ങിയവ പ്രധാന കൃതികൾ. കാവുതീണ്ടല്ലേ എന്ന ലേഖനസമാഹാരവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകളും, എഴുത്തച്ഛൻ പുരസ് ക്കാരവും ലഭിച്ചിട്ടുണ്ട്.

അഞ്ജു അജയൻ
9 A

അദ്ധ്യാപകർ സമൂഹത്തിനു മാതൃകകളാകണം (ലേഖനം)

"നല്ല കാര്യം ഒന്നേയുള്ളൂ.അത് അറിവാണ്. ചീത്ത കാര്യം ഒന്നേയുള്ളൂ. അത് അജ്ഞതയാണ്" ഡയോജനിസിന്റെ ഈ പ്രയോഗം അത്യന്തം ശ്രദ്ധേയമാണ്. ആ നല്ല കാര്യം നല്ല രീതിയിൽ പറഞ്ഞു കൊടുക്കുവാൻ അധ്യാപകനേ കഴിയുകയുള്ളൂ.

Teachers are social engineers എന്നൊരു ചൊല്ലുണ്ട്. സമൂഹത്തെ നല്ല രീതിയിൽ സൃഷ്ടിക്കുകയാണ് അധ്യാപക ധർമ്മം. ക്ലാസുമുറികളിൽ വിദ്യാർത്ഥികളെയും ക്ലാസിനുപുറത്ത് സമൂഹത്തെയും ശരിയായ ദിശയിലേക്കു നയിക്കുകയാണ് അധ്യാപകന്റെ ജോലി "The real wealth of any Nation is its children" എന്ന് അധ്യാപകർ മനസിലാക്കി വേണം തങ്ങളുടെ മുമ്പിലിരിക്കുന്ന കുഞ്ഞുങ്ങളെ പഠിപ്പിക്കേണ്ടത്. പ്രാചീന ഗുരു സങ്കൽപം എത്ര മഹനീയമുള്ളതായിരുന്നു. "ഗു" ശബ്ദം അന്ധകാരത്തെയും "രു" ശബ്ദം നിരോധത്തെയും കുറിക്കുന്നു. ഇരുട്ടിനെ അഥവാ അജ്ഞതയെ അകറ്റുന്നവനാണ് ഗുരുനാഥൻ.

ചിന്തയുടെ നേതാക്കൻമാരാണ് അധ്യാപകർ. അതേ സമയം തന്നെ സമൂഹത്തിന് മാതൃകയും ആയിരിക്കണം അധ്യാപകർ. ക്ലാസുമുറികളിൽ ശോഭിക്കുവാനും തദ്വാരാ സമൂഹത്തിൽ ഉന്നതസ്ഥാനം നേടുന്നതിനും അനവധി ഉൽകൃഷ്ട ഗുണങ്ങൾ നല്ല അധ്യാപകനുണ്ടായിരിക്കണം. ഏതു വിഷയത്തെക്കുറിച്ചും സാമാന്യമായ അറിവ്, അവതരണ സ്പഷ്ടത, അവതരണത്തിൽ വൈവിധ്യം, ലക്ഷ്യാധിഷ്ഠിതപെരുമാറ്റം, മുൻക്രൂട്ടിയുള്ള തയ്യാറെടുപ്പ്, അത്യുത്സാഹം, വിദ്യാർത്ഥികളുടെ കഴിവ് അംഗീകരിക്കുകയും അവനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനുള്ള കഴിവ്, സമഗ്രാവലോകനം നടത്താനുള്ള കഴിവ്, വിദ്യാർത്ഥികളുടെ പ്രതികരണത്തിനു വേണ്ട വിശദീകരണം നൽകാനുള്ള കഴിവ്, നിർദ്ദേശതലത്തിലുള്ള പ്രയാസങ്ങൾ മനസ്സിലാക്കാനുള്ള കഴിവ്. ഇവയെല്ലാം ആ ഗുണങ്ങളിൽ ചിലതു മാത്രമാണ്. ആശയങ്ങളുടെയും ആദർശങ്ങളുടെയും ഈറ്റില്ലമായിരിക്കണം അധ്യാപകൻ. ചരിത്രം സൃഷ്ടിപ്പിക്കുന്നതിൽ വേണം ശ്രദ്ധിക്കുവാൻ. നല്ല സാഹിത്യകാരനും കലാകാരനും രാഷ്ട്രീയപ്രതിഭകളും ചിത്രകാരന്മാരും കായിക പ്രതിഭകളും ഡോക്ടറും എഞ്ചിനീയറും അധ്യാപകരും അഭിഭാഷകരുമെല്ലാം ക്ലാസുമുറികളിൽ നിന്നും മുളച്ചുയർന്നുവരണം. ജർമ്മിനിയിലും ചൈനയിലും സോവിയറ്റ് യൂണിയനിലുമൊക്കെ "ചെറുപ്പത്തിലേ പിടികൂടുക" എന്ന സിദ്ധാന്തം ഉയർത്തിപ്പിടിച്ച് കുട്ടികളുടെ വാസനകൾ കണ്ടറിഞ്ഞ് പ്രത്യേക പരിശീലനം നൽകി അത് ലറ്റുകളെയും സ്പോർട്സ് പ്രതിഭകളെയും വളർത്തിയെടുക്കുവാൻ ആസൂത്രിതമായി നടത്തുന്ന ശ്രമം അനുകരണീയമാണ്. അർത്ഥവും ആശയവും ഗ്രഹിച്ചുവേണം പഠിപ്പിക്കേണ്ടത്.

ലോകം കണ്ട വലിയ ഫിലോസഫറാണ് ഡോ.എസ്. രാധാകൃഷ്ണൻ. വിജ്ഞാനത്തിന്റെ മധുരം കോരിക്കുടിച്ച ആ പ്രതിഭാ സമ്പന്നനായ അധ്യാപകൻ വിദ്യാഭ്യാസത്തിലൂടെ ജനതയെ പുരോഗതിയിൽ എത്തിക്കേണ്ടതാണെന്ന് ഉച്ചൈസ്തരം ഉദ്ഘോഷിച്ചിരുന്നു. ഒരു വിദ്യാർത്ഥിക്കു ലഭിക്കാവുന്ന ഏറ്റവും നല്ല പുസ്തകം അധ്യാപകനായിരിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി. ഒരു തലമുറയുടെ വിദ്യാഭ്യാസം കൊണ്ടു കളിക്കുമ്പോൾ നിങ്ങൾ തകർക്കുന്നത് വരാനിരിക്കുന്ന പല തലമുറകളെയാണെന്ന് അദ്ദേഹം ആവർത്തിച്ചു പ്രഖ്യാപിച്ചു.

ധാർമ്മിക മൂല്യങ്ങൾ ഉൾക്കൊള്ളുകയും തലമുറകൾക്ക് പകർന്ന് നൽകുകയും ചെയ്യുന്നത് അധ്യാപകധർമ്മമാണ്.

"സത്യം, തപം, ജ്ഞാനം, അഹിംസ
പിന്നെ
വിദ്വൻ പ്രമാണം, സുമനോജ്ഞ ശീലം
ഇതൊക്കെയും ചേർന്നവനാണ വിദ്വാൻ

പഠിച്ചവൻ മാത്രമല്ല "വിദ്വാൻ" വളരെ ശ്രദ്ധേയമായൊരു ശ്ലോകമാണിത്. പഠിച്ചതുകൊണ്ടുമാത്രം ഒരുവൻ വിദ്വാനാകുന്നില്ല. യഥാർഥ വിദ്വാൻ പഠിപ്പിനുപരിയായി ചില ഗുണങ്ങൾ ഉള്ളവനായിരിക്കണം. നല്ല അധ്യാപകൻ പണ്ഡിതനും മറ്റുള്ളവരെ പറഞ്ഞു മനസ്സിലാക്കുന്നതിൽ സമർത്ഥനും കൂടാതെ സത്യനിഷ്ഠയുള്ളവനും തപഃശക്തിയുള്ളവനും, തപസ്സിന്റെ ഫലമായി ലഭിച്ച ജ്ഞാനമുള്ളവനും, പീഡ എറുമ്പിനുപോലും ഉണ്ടാക്കാത്തവനും വിദ്വാന്മാരെ പ്രണവിക്കുന്നവനും ആരുടെയും മനം കുളിർപ്പിക്കുന്ന ശീലമുള്ളവനും ആയിരിക്കണം. അധ്യാപകൻ മാതൃകാധ്യാപകൻ എന്നതിലുപരി ഒരു മാതൃകാവ്യക്തി കൂടി ആയിരിക്കണം. അതിനു കാരണം കുട്ടികൾ അനുകരണപ്രിയരാണ്. വിദ്യാദ്യാസകാലത്ത് പ്രത്യേകിച്ചും പതിനാലുവയസ്സുവരെ ഇവർ അധ്യാപകരെ മാതൃകയാക്കും. കുട്ടികളുടെ സ്വഭാവരൂപീകരണം പാകപ്പെടുന്ന ഈ പ്രായത്തിൽ നല്ല ദിശയിലേക്ക് ഇവരെ നാം നയിക്കണം. മദ്യപാനവും പുകവലിയും കുട്ടികളിലേക്ക് ആവേശിക്കുന്ന ഈ പ്രായത്തിൽ കുട്ടികളെ അതിൽ നിന്നും പിന്തിരിപ്പിക്കുവാൻ അധ്യാപകന്റെ സാന്മാർഗ്ഗികോപദേശം ഫലവത്തായിരിക്കും.

അധ്യാപകൻ ഒഴുകുന്ന നദിപോലെ ആയിരിക്കണം. കെട്ടിക്കിടക്കുന്ന വെള്ളം അശുദ്ധവും അപകടവും സൃഷ്ടിക്കും. ഒഴുകുന്ന ജലം. അധ്യാപകൻ കരിക്കട്ടയാകാതെ കനൽക്കട്ടയായി ജ്വലിച്ച് നിൽക്കണം. വായനയിൽക്കൂടി വളരണം. അളവറ്റ അറിവ് സമ്പാദിക്കുവാൻ ശ്രമിക്കണം ഏത് ഇരുട്ടിലും പ്രകാശം കോരിച്ചൊരിയുന്ന നിലവിളക്കായി അധ്യാപകർ പ്രകാശിക്കണം. ഉന്നത ശീർഷനായി മഹാഗോപുരമായി അധ്യാപകർ വിളങ്ങണം.

ദീപക് സുനിൽ
൯ A

## എൻ പ്രിയതോഴി....
## വേഗം വരൂ... (കവിത)

വീടിന്റെ ഉമ്മറപ്പടിയിൽ ഞാനെന്നും
കാത്തിരിപ്പൂ നിന്റെ വരവിനായി
എന്നെ സ്നേഹിക്കുന്ന എൻ പ്രിയ
തോഴി എത്താത്തതെന്താണു നീ

മുടിയിൽ പാരിജാതവും ചാർത്തി
കാതിൽ പുത്തൻ കമ്മലണിഞ്ഞ്
കാത്തിരിപ്പായി നിനക്കു വേണ്ടി
എത്താത്തതെന്താണ് എൻ പ്രിയ തോഴി

സൂര്യനോ അസ്തമിക്കാറുമായി
എൻ ഹൃദയത്തിൽ നിന്നും ഉപ്പിൻതുള്ളി പൊഴിഞ്ഞീടുന്നു.
കാക്കുവാൻ വയ്യിനി എന്റെ തോഴി
വേഗം വരൂ എന്നെ കൊണ്ടുപോകു

ജീവിതത്തിന്നീ അവസാനയാത്രയിൽ
പങ്കുകൊള്ളാനെനിക്കു തിടുക്കമായി
വന്നീടുവാനായി വൈകരുതേ തോഴി
പോകാൻ തിടുക്കമായി നിൽക്കുന്നു ഞാൻ

ഏവരോടും യാത്ര ചൊല്ലി നില്പൂ
നിന്നെയും കാത്തു ഞാൻ ഒരുങ്ങി നില്പൂ
മൃത്യുവിൻ വാത്സല്യദുഗ്ധത്തിനായി
ദാഹിച്ചു നില്പൂ ഞാൻ വേഗം വരൂ

കാത്തിരിക്കാനിനി വയ്യ തോഴി
നിന്നെയും കാത്തു ഞാൻ ഒരുങ്ങി നില്പൂ

അഭിനന്ദ് പി. എസ്.
9 A

## ആധുനിക ഭാരത നിർമ്മിതിയിൽ വിദ്യാർത്ഥികളുടെ പങ്ക് (ലേഖനം)

പ്രിയവായനക്കാരെ, നമസ്കാരം. ആധുനിക ഭാരത നിർമ്മിതിയിൽ വിദ്യാർത്ഥികളുടെ പങ്ക് എന്ന വിഷയത്തെ നാം അഗതമായി ചിന്തിച്ചു നോക്കിയാൽ തീർച്ചയായും ഒരു കാര്യം മനസ്സിലാക്കാൻ സാധിക്കും. ഭാരതത്തിന്റെ പേര് ചരിത്രതാളുകളിൽ രേഖപ്പെടുത്താൻ ഭാരതത്തിന്റെ ഇന്നത്തെ വിദ്യാർത്ഥികൾക്കേ കഴിയൂ എന്നത്. ഭാരതത്തിന്റെ നാളത്തെ പൗരൻമാരാണ് ഈ യുവമനസുകൾ നമുക്കറിയാം ഒരു കുട്ടിയുടെ മനസ്സിൽ പതിയുന്ന കാര്യങ്ങൾ അവർ ഒരിക്കലും മറക്കില്ല. അതുകൊണ്ടല്ല, പുകവലിയേക്കുറിച്ചും, മദ്യപാനത്തെ കുറിച്ചും മറ്റും പല ബോധവൽകരണ ക്ലാസ്സുകളും നാം കുട്ടികൾക്കു മുൻപിൽ അവതരിപ്പിക്കുന്നത്. ഭാരതം ഇന്ന് വളരെയധികം വികസിച്ചിരിക്കുന്നു. മംഗൾയാൻ പോലുള്ള അഭിമാന വിജയങ്ങൾ കുട്ടികളെ വീട്ടും വിജയങ്ങൾ ആവർത്തിക്കാൻ പ്രേരിപ്പിക്കുന്നു.

ഇന്ന് നമ്മുടെ യുവ മനസ്സുകളെയാണ് മദ്യവും മയക്കുമരുന്നും കൂടുതൽ സ്വാധീനിക്കുന്നത്. ഇതിനുകാരണം എന്താണ് നാളേക്കായി എന്തെങ്കിലും ചെയ്യാൻ കഴിവുള്ളത് കുട്ടികൾക്കു മാത്രമാണ്. അവരെ നശിപ്പിച്ചാൽ നമുക്ക് നല്ലൊരു ഭാരതം രചിക്കാൻ കഴിയില്ലെന്ന് അവർക്കറിയാം. മറ്റുരാജ്യങ്ങളിലെ പോലെയുള്ളവരല്ല നമ്മുടെ പുതുതലമുറകൾ. നാം ദിവസവും പത്രത്തിൽ വായിക്കുന്നതല്ലേ യുവമനസ്സുകളുടെ ചെറിയ ചെറിയ കണ്ടുപിടുത്തങ്ങൾ. അവർ ചിന്തശേഷിയുള്ളവരും പ്രഗത്ഭരായ പ്രതിഭകളുമാണ്. ഇങ്ങനെയുള്ള നമ്മുടെ യുവത്വത്തിന് ആധുനിക ഭാരതത്തെ നിർമ്മിക്കാൻ കഴിയുമെന്ന് നിസംശയം നമുക്ക് പറയാൻ കഴിയും. നമ്മുടെ ഭാരതത്തെക്കുറിച്ച് വ്യക്തമായ ധാരണ യുവമനസ്സുകൾക്കുണ്ടെന്ന് പറയാൻ ഒരു വിദ്യാർത്ഥി എന്ന നിലയിൽ എനിക്കു കഴിയും. എന്നും അമേരിക്കയും, ബ്രിട്ടനും മറ്റും മാത്രം പ്രശസ്തിയുടെ പടവുകൾ കയറിയാൽ മതിയോ. പ്രശസ്തിയും വിജയവും ഒരാൾക്ക് മാത്രം അവകാശപ്പെട്ടതല്ലല്ലൊ? നമ്മുടെ ഭാരതത്തിന്റെ 120 കോടിയോളം ജനങ്ങൾ വസിക്കുന്നുണ്ട്. അതിൽ കുറെയൊക്കെയും വിദ്യാർത്ഥികളും. മംഗൾയാൻ ചൊവ്വയിലേക്കല്ലേ പാഞ്ഞു കയറിയിരിക്കുന്നത് പകരം പുതുതലമുറയിലേക്കാണ് ചിന്തയും ശേഷിയും ഉള്ള യുവത്വമാണ് നമ്മുടെ കരുത്ത്. ഇന്നത്തെ കാലഘട്ടത്തിൽ വോട്ടുചെയ്യാൻ തുടങ്ങുന്ന ഒരുപാടുപേർ യുവത്വത്തിന്റെ ഇടയിൽ ഉണ്ട്. അവർ ആരും തന്റെ വോട്ട് പാഴാക്കുന്നില്ല. കാരണം ഇന്ത്യയുടെ ജനാധിപത്യത്തിൽ അവരും പങ്കെടുക്കുന്നു. ഇതാണ് നമ്മുടെ സമ്പത്ത്.

ആധുനിക നിർമ്മിതിയിൽ വിദ്യാർത്ഥികൾ എന്ന നിലയിൽ നമുക്ക് പലതും ചെയ്യാൻ കഴിയും. എന്നാലും പലയിടത്തും വിദ്യാർത്ഥികൾക്ക്, അല്ലെങ്കിൽ കുട്ടികൾക്ക് വിദ്യാഭ്യാസം ലഭിക്കുന്നില്ല എന്നത് ഏറ്റവും വിഷമകരമായ അവസ്ഥയാണ്.

എന്നാൽ ആവശ്യമായ വിദ്യാഭ്യാസം ലഭിച്ചിട്ടും ഭാരതത്തിന്റെ ഉന്നതിയിലും വിജയത്തിലും പങ്കെടുക്കാത്ത യുവ മനസ്സുകൾ നമുക്കിടയിലുണ്ട്.


വിദ്യാർത്ഥികളിൽ ഉള്ള ഊർജ്ജസ്വലത ഒരിക്കലും മുതിർന്നവരിൽ കാണില്ല. അതിനാൽ തന്നെ പലരും സ്വന്തം കാര്യങ്ങളിൽ മുഴുകി ജീവിക്കുന്നു. ചിന്തിക്കാനും

പ്രവർത്തിക്കാനും ഉള്ള കഴിവ് ഭാരതത്തിനുവേണ്ടി വിനിയോഗിക്കുന്നതുകൊണ്ട് ഒന്നും തന്നെ സംഭവിക്കുന്നില്ല. നമ്മുടെ ഭാരതം ഇന്ന് ഉയർന്നുകൊണ്ടിരിക്കുകയാണ്. ഇന്നത്തെ ഓരോ യുവതലമുറകൾക്കും തന്റെ രാജ്യത്തെ കുറിച്ച് വ്യക്തമായ കാഴ്ചപ്പാടും ധാരണയും ഉണ്ട്.

ഇന്ന് ഓരോ രീതിയിലും ഇന്ത്യയുടെ ഉന്നതിക്കായി പ്രവർത്തിക്കുന്നു. ഇന്ത്യയെ അപമാനിച്ച് ഏതെങ്കിലും രാജ്യമോ വ്യക്തിയോ എന്തെങ്കിലും പ്രവർത്തിച്ചാൽ ഉടൻ തന്നെ അവർ തിരിച്ചടിക്കുന്നു. ഇതിനുദാഹരണമാണ് ഇന്ത്യയുടെ മംഗൾയാൻ വിക്ഷേപണത്തെ പരിഹസിച്ച് ന്യൂയോർക്ക് ടൈംസ് എന്ന പത്രം കാർട്ടൂൺ വരച്ചപ്പോൾ സോഷ്യൽ മാധ്യമങ്ങളിലൂടെ അവർ പ്രതികരിച്ചത്.

നല്ലരീതിയിൽ വളരുന്നതുകൊണ്ടും മദ്യം, മയക്കുമരുന്നുപോലുള്ള അധാർമിക വഴിതിരഞ്ഞെടുക്കാതെ ഇന്ത്യയുടെ ഉന്നതിക്കുവേണ്ടി പ്രവർത്തിക്കുകയാണെങ്കിൽ നാം തികച്ചും ആധുനിക ഭാരതത്തെ നിർമ്മിച്ചുവെന്നുപറയാം. വിദ്യാർത്ഥി മനസ്സിലൂടെ ഒരു നവ ഇന്ത്യ ഉയർന്നുവരുന്നത് കാണാൻ ഇനിയും കാത്തിരിക്കേണ്ട ആവശ്യമില്ല. കാരണം അതു നടന്നുകഴിഞ്ഞിരിക്കുന്നു. ഇനി ഭാരതത്തിന്റെ മാറ്റത്തെ നമുക്ക് കൂടെ നിന്ന് വീക്ഷിക്കാം.

ബിജിൽ. കെ. ബി
൯ A



അദ്ധ്വാനിക്കുന്നവന്റെ ഉറക്കം മാധുര്യമുള്ളതാണ്.

റഷ്യൻ പഴമൊഴി

## കുറ്റിപ്പുഴ കൃഷ്ണപിള്ള {1900-1971}( ജീവചരിത്രം)

ആലുവായ്ക്കടുത്ത് കുറ്റിപ്പുഴ എന്ന സ്ഥലത്ത് ജനിച്ചു. അധ്യാപകനും സാഹിത്യവിമർശകനുമായിരുന്നു. കേരള സാഹിത്യ അക്കാദമി പ്രസിഡന്റായിരുന്നു. സോവിയറ്റ് ലാൻഡ് നെഹ്റു അവാർഡ് ലഭിച്ചിട്ടുണ്ട്. നവദർശനം, ഗ്രന്ഥാവലോകനം, സാഹിതീയം, സ്മരണമഞ്ജരി, വിമർശനവും വീക്ഷണവും തെരഞ്ഞെടുത്ത ഉപന്യാസങ്ങൾ, സാഹിതീകൗതുകം, വിചാരവിപ്ലവം, വിമർശരശ്മി തുടങ്ങിയവയാണ് പ്രധാന കൃതികൾ.

നീതുമോൾ. ബി. റ്റി
9 A

നാം ശരി ഏതാണെന്ന് മനസ്സിലാക്കുന്നത്
പത്ത് അബദ്ധങ്ങളിൽ നിന്നാകണം
നൂറ് ഉദാഹരണങ്ങളിൽ നിന്നാകരുത്.

ഹെഡ്ഗോയൽ

## മഴയ്ക്കെന്തോ പറയുവാനുണ്ട്.... (കവിത)

നേരം അന്തിമയങ്ങി
സന്ധ്യാദീപം തെളിഞ്ഞു
അവൻ ഉമ്മറപ്പടിയിൽ കാത്തിരുന്നു
അമ്പിളി വന്ന് ചിരിതൂകി

അവൻ തേടിയിരുന്നു
മഴ വന്ന് മാടി വിളിച്ചു
മഴയ്ക്കെന്തോ മൊഴിയുവാനുണ്ട്
അവനോടായ് മാത്രം

നിലയ്ക്കാതെ പെയ്ത മഴയിലും
അവൻ അവളെ കാത്തിരുന്നു
അവന്റെ സങ്കടം മഴയറിഞ്ഞില്ല
കാലം വീണ്ടും കിതച്ചോടി

അവൻ കാത്തിരിപ്പ് തുടർന്നു
പക്ഷേ അവൻ കാത്തിരുന്നവൾ
നിത്യശാന്തിയിലാണ്ടു
കാത്തിരിപ്പവൻ തുടർന്നു....

**സജിത്ത്. എം. എസ്**
**9 A**



## മഴവില്ല് (കവിത)

മഴവില്ലിതു മഴവില്ല്
ഏഴുനിറമുള്ള മഴവില്ല്

കാണാൻ എന്തുരസമാണ്
ആകാശത്തെ വർണാഭമാക്കും.

മഴയെത്തും നേരത്ത്
ഓടിയെത്തും മാനത്ത്

ഏഴുനിറങ്ങളാൽ ലോകത്തെ
വിസ്മയിപ്പിക്കും മഴവില്ല്

ജിഷ്ണു സജി
9 A



## ഈശ്വരൻ (കവിത)

മണ്ണിലും വിണ്ണിലും മുള്ളിലും പൂവിലും
കുന്നിലും മലതൻ മുകളിലും
കുടിയിരിപ്പതാരോ അവനാരോ
എന്നുടെയുള്ളിൽ കാവലിരിക്കും
കരുണാമയനവനാരോ?
ഈശ്വരനല്ലോ അത് ഈശ്വരനല്ലോ
എന്നും താതൻ ഈശ്വരനല്ലോ....

ബിജീഷ് ലാൽ
9 A

> അനുസരണ, സന്നദ്ധത, ലക്ഷ്യത്തോടുള്ള താല്പര്യം
> എന്നിവ നിങ്ങൾക്കുണ്ടെങ്കിൽ
> നിങ്ങളെ പിന്തിരിപ്പിക്കാൻ
> ഒന്നിനും കഴിയുകയില്ല.
>
> സ്വാമി വിവേകാനന്ദൻ

## അന്ത്യചുംബനം (ചെറുകഥ)

ആരോ വിളിക്കുന്നതുകേട്ട് അവൾ ധൃതിയിൽ മുറ്റത്തേക്ക് ഓടിചെന്നു. അയാളാണ് കൃഷ്ണകുറുപ്പ് പുതിയ പോസ്റ്റ്മാൻ അവൾ ആവേശത്തോടെ കത്ത് പിടിച്ചു വാങ്ങി വായിച്ചു.

"പ്രിയപ്പെട്ട സുഹറ, നിനക്ക് സുഖമാണോ നിന്നെ കാണാൻ എനിക്കു തിടുക്കമായി. എവിടെ അനസ് നമ്മുടെ മകൻ ഉമ്മയെ ഇപ്പോൾ ആശുപത്രിയിൽ കൊണ്ടുപോകുന്നുണ്ടോ? ഉമ്മയുടെ ചികിത്സക്കുള്ള പണം ഞാൻ അയച്ചിട്ടുണ്ട്. നീ വിഷമിക്കരുത്. ഞാൻ വേഗം അങ്ങ് വരും. ഈ അബുദാബിയിലെ ജോലി ഭയങ്കര ബുദ്ധിമുട്ടാണ്. ഒരു സമയം പോലും ഇളവ് ഇല്ല. എന്റെ കാര്യം പറഞ്ഞ് നിന്നെ വിഷമിപ്പിക്കുന്നില്ല. എല്ലാവരെയും തിരക്കി എന്നു പറയണം എന്നാൽ കത്ത് നിർത്തട്ടെ


എന്ന് സ്വന്തം

ഫയാസ് "

അവൾ ആ കത്ത് എടുത്തുകൊണ്ട് ഉമ്മയുടെ അടുക്കൽ ചെന്നു. ഉമ്മ, ഫയാസിക്കയുടെ കത്ത് വന്നു. എല്ലാവർക്കും സുഖമാണോ എന്നും ചോദിച്ചു. ഉമ്മയുടെ ചികിത്സ ചെലവിനുള്ള പണം അയച്ചിട്ടുണ്ടെന്നു പറഞ്ഞു. "എന്റെ അള്ളാ മ്മടെ മോൻ എന്തു കഷ്ടപ്പാടാ അവിടെ അനുഭവിക്കുന്നത്. അവൻ വേഗം ഇങ്ങ് വന്നാൽ മതി. ഉമ്മ കരയാതെ ഇക്ക വരുമെന്നും പറഞ്ഞിട്ടുണ്ട്. പറഞ്ഞിട്ടുണ്ട്. ഉമ്മക്ക് ചോറ് എടുക്കട്ടെ;" ഇപ്പോ വേണ്ട നീ കുഞ്ഞിന് എന്തെങ്കിലും കൊടുക്ക്. അവൻ ഇപ്പോൾ കഴിച്ചതു തന്നെ ഭയങ്കര കളിയാ ഒരക്ഷരം പറഞ്ഞാൽ കേൾക്കില്ല. ഉപ്പയുടെ തങ്കക്കുടമല്ലെ, കൊഞ്ചിപ്പിച്ച് വളർത്തിയിരിക്കുവല്ലേ, നീ ചുമ്മാതിരിക്ക് അവൻ കുഞ്ഞല്ലേ, ഓ ഞാനൊന്നും പറയുന്നില്ലേ... സുഹറ അടുക്കളയിലേക്ക് പോയി അങ്ങനെ എല്ലാ തിങ്കളാഴ്ച്ചകളിലും അവൾ വീട്ടുമുറ്റത്ത് പോസ്റ്റുമാനേയും കാത്ത് നിൽക്കും അങ്ങനെ മാസങ്ങൾ കടന്നുപോയി കത്തുകളും. കുറച്ചു ദിവസങ്ങളായി കത്തുകൾ വരുന്നതെയില്ല. ആകെ കിട്ടിയത് ഒരു കത്താണ് താൻ വരാൻ പോകുന്ന വിവരമറിയിച്ചുള്ള കത്ത്. സുഹറ സന്തോഷത്തോട് ഉമ്മയോട് പറഞ്ഞു. ഉമ്മ... ഇക്ക വരാൻ പോകുന്നു. അങ്ങനെ ആ വീടാകെ സന്തോഷ പൂരിതമായി അങ്ങനെ പല തിങ്കളാഴ്ച്ചകളും കടന്നുപോയി അവൾ എന്നും വഴിയിൽ നോക്കി നിൽക്കും. പക്ഷേ കത്ത് വന്നില്ല. പിന്നെ അവൾ ഓർത്തു, വരുന്ന ധൃതിയിൽ കത്ത് എഴുതാൻ മറന്നതായിരിക്കുമെന്ന്. അങ്ങനെ ഒരു ഞായറാഴ്ച്ച മുറ്റത്തൊരു വണ്ടി വന്നു നിന്നു. സുഹറയും ഉമ്മയും അനസും ഫയാസിനെ കാണാൻ ഓടിച്ചെന്നു. എന്റെ മോനേ ഫയാസേ എന്നു വിളിച്ചുകൊണ്ട് ഉമ്മ കാറിന്റെ ഡോർ പതിയെ തുറന്നു. അപ്പോൾ അതാ ഫയാസിന്റെ ഉറ്റ സുഹൃത്തുക്കൾ, ഉമ്മ ചോദിച്ചു മക്കളെ ഫയാസ് എവിടെ അവനെ വിളിക്ക് റോഡിലൂടെ കുറെ വണ്ടികൾക്കു പിന്നിൽ ഒരു ആംബുലൻസ് വരുന്നു. ഒന്നും മിണ്ടാതെ എല്ലാവരും നിന്നു. ആംബുലൻസ് വീട്ടുമുറ്റത്ത് വന്നു. ഫയാസിന്റെ സുഹൃത്തുക്കൾ ആംബുലൻസിന്റെ ഡോർ മെല്ലെ തുറന്നു. എല്ലാവരും നിശബ്ദരായി നിന്നു. ഒരു നിലവിളി മാത്രം മോനേ ഫയാസേ.... എന്തിനാ ഞങ്ങളെ വിട്ടുപോയത്. ഞങ്ങളെയും കൊണ്ടുപോ നിന്റെ കൂടെ. അപ്പോൾ, ഫയാസിന്റെ സുഹൃത്ത് പറഞ്ഞു കാർ ആക്സിഡന്റായതാണ്. അവസാനമായി പറഞ്ഞത് നിങ്ങളെ

കാണണമെന്നാണ്. സുഹറയും കുഞ്ഞും ഭയന്നു നിൽക്കുന്നു. അവൾ ഫയാസിന്റെ അടുത്തുചെന്നു. "ഫയാസിക്കാ എഴുന്നേൽക്ക്. നിങ്ങടെ സുഹറയാ വിളിക്കുന്നത്...എന്നെ കളിപ്പിക്കാൻ നോക്കണ്ട, നമ്മുടെ മോൻ ദേ നോക്ക്.. നിങ്ങളെ കാണാൻ എത്ര കൊതിച്ചിരിക്കുകയാണ് അവൻ...എഴുന്നേൽക്ക്. അത് പിന്നെ കരച്ചിലായി അവസാനം അവൾ പൊട്ടിക്കരഞ്ഞു. എന്തു ചെയ്യണമെന്നറിയാതെ അവൾ അവന്റെ അടുത്ത് ഇരുന്ന്. പിന്നീട് ഫയാസിനെ ഖബറടക്കാൻ ആളുകൾ കൊണ്ടുപോകാൻ തുടങ്ങുന്നു. സുഹറക്ക് ബോധമില്ല. അവൾ ഭ്രാന്തിയെപ്പോലെ അവനെ കെട്ടിപ്പിടിച്ചു. കരച്ചിലിന്റെ അവസാനം അവൾ മെല്ലെ എഴുന്നേറ്റു ഫയാസിന്റെ നെറ്റിയിൽ മെല്ലേ സ്നേഹത്തിന്റെ വിടപറയിലിന്റെ അന്ത്യചുംബനം അർപ്പിച്ചു, അവൾ നിലവിളിച്ചു. എന്റെ അള്ളാ അങ്ങ് എന്നെ ചതിച്ചു ഇല്ലേ..!

ശരത്ത് പി. എസ്.
൯ A



ചിത്രകല- ആശയവിനിമയത്തിന്റെ ആദ്യഭാഷ (ലേഖനം)

ആദ്യകാല മനുഷ്യൻ ഗുഹാഭിത്തികളിൽ കോറിയിട്ട ചിത്രങ്ങൾ. തുടക്കത്തിൽ ആശയവിനിമയത്തിനുള്ള ഉപാധികളെന്നാ നിലയിൽ പ്രയോഗിക്കപ്പെട്ടിരുന്നവയാകണം. ക്രമേണ അവയുടെ സങ്കീർണ്ണത കുറഞ്ഞുവരികയും ചിത്രരൂപങ്ങൾ ചുരുങ്ങുകയും ഒടുവിൽ നാം അക്ഷരങ്ങൾ എന്നു നാം വിളിക്കുന്ന ചിത്രങ്ങളുടെ രൂപങ്ങളിലേക്ക് അവ സംസ്കരിക്കപ്പെടുകയും ചെയ്തു. ആദ്യക്കാലത്തെ ചിത്രഭാഷയാണ് പിക്ടോഗ്രാഫിക്സ് ഏകദേശം 5000 വർഷങ്ങൾക്കുമുമ്പ് ഈജിപ്തിൽ ഒരു ഭാഷയായി തിരിച്ചറയപ്പെട്ട ഹീറോഗ്ലിഫിക്സിൽ എത്തിയപ്പോഴേക്കും അതിനു വ്യക്തമായ ഒരു ക്രമവും നിശ്ചിത ശബ്ദപ്രാതിനിധ്യവും കൈ വന്നു. എല്ലാ ആദിമസംസ്കാരങ്ങളെയും, ഭാഷകളെയും സംബന്ധിച്ചു. ഈ തത്ത്വം ശരിയായിരിക്കും എന്നു പൊതുവേ പറയാം വിവിധ സംസ്കാരങ്ങളിൽ വൈവിധ്യമാർന്ന ചിത്രസങ്കേതങ്ങൾ ഉരുത്തിരിഞ്ഞുണ്ടായതുകൊണ്ടാകാം പലരേം ഭാഷകളും ലിപികളും രൂപംകൊണ്ടത്, ഇക്കാര്യം കൊണ്ടുതന്നെ അക്ഷരങ്ങളുടെ ഉത്ഭവും തേടിപ്പോകേണ്ടത് പ്രാചീന മനുഷ്യർ കല്ലിൽ കൊത്തി വച്ച ചിത്രങ്ങളിലേക്കാണ്.

ദൃശ്യരൂപത്തിലുള്ള അവിഷ്കാരത്തിന്റെ പ്രാഥമികോപാധിയാണ് രേഖ. രണ്ടുബിന്ദുക്കളെ തമ്മിൽ യോജിപ്പിക്കുന്ന ഏറ്റവും കുറഞ്ഞ അകലമാണല്ലോ നേർവര. ഇപ്രകാരം രേഖാരൂപങ്ങൾക്കെല്ലാം നിർവചനങ്ങൾ ഉണ്ടായി. ഒന്നിലധികം രേഖകളുടെ സമഹരണത്തിലൂടെ ഏതു രൂപത്തെയും ഭാവത്തെയും ആശയത്തെയും അവതരിപ്പിക്കാം എന്ന് തിരിച്ചറിഞ്ഞു. അതുകൊണ്ടാണ് വാക്കുകളില്ലാത്ത കവിതകളായി ചിത്രങ്ങളെ വിശേഷിപ്പിക്കാൻ കാരണമായത്. ഋജുരേഖകളും വക്രരേഖകൾക്കും സമ്മേളിക്കുന്ന അക്ഷരരൂപങ്ങളിൽ ഓരോ ജനവിഭാഗത്തെയും സൗന്ദര്യബോധം ദർശിക്കാൻ കഴിയും. ഇത്തരം അക്ഷരങ്ങൾ കലാപരമായി എഴുതിച്ചേർത്തു ചിത്രരൂപങ്ങളുണ്ടാക്കുന്ന കാലിഗ്രാഫിക് ആർട്ട് എല്ലാ ദേശങ്ങളിലും പ്രചാരത്തിലുണ്ട്. ഇപ്രകാരം ചിത്രകലയിൽ രേഖകൾക്കുള്ള പ്രാധാന്യം വിസ്മയമാകുന്നു.

അജ്ഞാതമായ അജ്ഞം ചുവർ ചിത്രകാരൻമാർ കോറിയിട്ട രേഖിയ താളവും രചനശൈലിയും ഇന്ത്യൻ ചിത്രകലയെ മുന്നോട്ടു നയിച്ച അടിസ്ഥാന ഘടകമാണ്. വർണ്ണസങ്കലത്തിന്റെ സങ്കേതിത്വം ആദ്യമായി പ്രദർശിപ്പിച്ചത് പാശ്ചാത്യരാണെങ്കിൽ പോലും ചിത്രകലയിൽ രേഖകളുടെ സജ്ജീവസാന്നിദ്ധ്യം ലോകത്തിനു മനസ്സിലാക്കി കൊടുത്തത് അജ്ഞ ചുവർചിത്രകാരന്മാരാണ്. ഒരു ചിത്രത്തെ ഒരിക്കലും വാക്കുകളാൽ പൂർണമായി വ്യാഖ്യാനിക്കാനാവില്ല.

ആയിരം വാക്കിനൊക്കും ഒരു ചിത്രം എന്ന ഒരു ചൊല്ലുതന്നെയുണ്ട്. വസ്തുകളുടെയും വസ്തുതയുടെയോ സൗന്ദര്യം കണ്ടറിയാവുന്ന മാധ്യമത്തിലൂടെ ചിത്രകാരൻ ആവിഷ്കരിക്കുമ്പോൾ ഒരു ചിത്രം ജനിക്കുന്നു. ദൃഷ്ടാവ് അത് ആസ്വദിക്കുകയും പ്രതിഫലങ്ങൾ ഉൾക്കൊള്ളുകയും പുറമെ ആ ചിത്രം അയാളിൽ ഉളവാക്കിയ മാധ്യമങ്ങളിലൂടെ വ്യാഖ്യാനിക്കപ്പെടുകയും ചെയ്യുന്നു. അങ്ങനെ ചിത്രകലാ ദർശത്തിന്റെയും ആസ്വാദനത്തിന്റെയും പുതിയ ചക്രവാളങ്ങൾ വികസ്വരമാകുന്നു.

സഞ്ജിത്ത് എം. ആർ, ൭ A

മഞ്ഞക്കിളി (കവിത)

മഞ്ഞ മഞ്ഞപ്പൊട്ടുള്ള
മാരിവില്ലിൻ നിറമുള്ള മഞ്ഞക്കിളി
കൊച്ചുകൺ ചിമ്മി നീ നിലവിളിച്ചു
സന്ധ്യ മയങ്ങിയ നേരം തൻ,
ചുണ്ടിൽ കരുതിയ ചെറുപുഴുവുമായി
അമ്മയണഞ്ഞപ്പോൾ സന്തോഷം.......
ബഹുസന്തോഷം.....

ജിത്തു അജി
9 A


പീറ്റർ മാറ്റിസ്

സ്പെൻസർ കിമ്പൽ

അമേരിക്കൻ കമ്പ്യൂട്ടർ പ്രോഗ്രാമർമാരായ പീറ്റർ മാറ്റിസും സ്പെൻസർ കിമ്പലും കാലിഫോർണിയ സർവകലാശാല വിദ്യാർഥികളായിരിക്കുമ്പോൾ തങ്ങളുടെ പഠനപ്രോജക്ടിന്റെ ഭാഗമായി തയാറാക്കിയതാണ് ജിമ്പ്.

അലസൻ ഉണർന്നെഴുന്നേൽക്കുന്നതിന് മുൻപ്
ചെടിയുള്ളവൻ വേലയുടെ
അധിക ഭാഗവും ചെയ്തിരിക്കും

ബെഞ്ചമിൻ ജോവറ്റ്

## <u>ഭാരതം</u> (കവിത)

ഭാരതമെന്റെ ജന്മനാട്
അനേകം അനേകം മഹാത്മാക്കുടെ നാട്
സ്വാതന്ത്ര്യത്തിനായി രക്തം ചീന്തിയ ധീരനാട്
പല പല സ്വാതന്ത്ര്യസമരങ്ങൾ നേരിട്ട നാട്
തോൽവി എന്നത് കേട്ടിട്ടില്ല
ഐക്യമത്യം മഹാബലം
ഭാരതമെന്റെ ജന്മനാട്
ജീവനേക്കാൾ വിലയുള്ള നാട്

**അഭിജിത്ത് അനിൽ**
൯ A



**വിൽബർ (Wilber)**

ജിമ്പിന്റെ ഔദ്യോഗിക ഭാഗ്യചിഹ്നമാണ് വിൽബർ (Wilber). ട്യൂമാസ് ക്യൂസ് മാനൻ (Tuomas Kuos manen) എന്ന ഫിൻലൻഡുകാരനാണ് ഇത് തയാറാക്കിയത്.

അലസത എന്ന കൂട്ടിലാണ്
കസൃതി മുട്ടയിടുന്നത്.

ബ്രൗൺ

## മറക്കരുതേ മലയാളത്തെ (കവിത)

മറക്കരുതേ അമ്മ മലയാളത്തെ
നമ്മുടെ സ്വന്തം മലയാളത്തെ
ജനിച്ചുവീണ നമ്മൾ ആദ്യം ചൊല്ലിയ
ഭാഷയെ നാം മറക്കരുതേ
കഥകളും കവിതകളുമായി നിറഞ്ഞുനിൽക്കും
മലയാളത്തെ മറക്കരുതേ
മറക്കാതെ ഈ ചരിത്രഭാഷ
വരും തലമുറയ്ക്കു പകർന്നു കൊടുക്കു

നീതു മോൾ ബി. റ്റി
൯ A

അന്തസ്സുള്ള ഏതു ജീവിതത്തിന്റെ പിന്നിലും
അഭംഗുരമായ അച്ചടക്കത്തിന്റ ശക്തികാണാം

## തിരുവോണ പുലരി (കവിത)


ഓണം പൊന്നോണം വരവായ്
ഓണത്തുമ്പികൾ വരവായ്

ഓണപ്പൂക്കളം തീർക്കേം ചെയ്യു...
ഓണക്കോടി അണിഞ്ഞും വന്നു....

ഓണക്കിളിയും ഓണപ്പാട്ടും
ഓണസദ്യയും ഓണത്തല്ലും

ആർപ്പുവിളികൾ ഉയരുകയാണ്
ആകെ ഒരാരവമായ്

അഭിജിത്ത് അനിൽ
9 A



**ടിം ബർണേഴ്സ് ലീ**

വേൾഡ് വൈഡ് വെബിന്റെ സ്ഥാപകനാണ് സർ തിമൊത്തി ജോൺ ടിം ബർണേഴ്സ് ലീ. പരസ്പരം ബന്ധിപ്പിക്കപ്പെട്ട ഹൈപ്പർ ടെക്സ്റ്റ് ഡോക്യുമെന്റുകളിലൂടെ വിവരങ്ങൾ കൈമാറുന്ന രീതിക്ക് തുടക്കം കുറിച്ച ലീ, www (വേൾഡ് വൈഡ് വെബ്) എന്ന ആശയത്തിന് തുടക്കമിട്ടു. വെബ്പേജുകൾ ദൃശ്യമാക്കുന്ന ഒരു ബ്രൗസറിനും അദ്ദേഹം രൂപം നൽകി. വെബിന്റെ വളർച്ചയുടെ മേൽനോട്ടം വഹിക്കുന്ന വേൾഡ് വൈഡ് വെബ് കൺസോർഷ്യത്തിന്റെ (W3C) ഡയറക്ടറാണ് അദ്ദേഹം. വേൾഡ് വൈഡ് വെബ് ഫൗണ്ടേഷൻ സ്ഥാപിച്ചതും ലീയാണ്.

1955 ജൂൺ 8 ന് ബ്രിട്ടണിലാണ് അദ്ദേഹത്തിന്റെ ജനനം.

കുടം നിറഞ്ഞാൽ നിനദം നിലയ്ക്കും
പാതിക്കുടം ഘോഷാരവം മുഴക്കും
കുലീനവിദ്വാന വരില്ല ഗർവ്വം
ജല്പിച്ചീടും ജ്ഞാനവിഹീനൻ

## ഓണം (കവിത)


മാർക്ക് ആൻഡ്രീസൻ

ഇന്റർനെറ്റിലൂടെ വെറും അക്ഷരങ്ങൾ മാത്രമല്ല, ചിത്രങ്ങളും ശബ്ദവുമെല്ലാം കൈകാര്യം ചെയ്യാൻ സാധിക്കുന്ന ഗ്രാഫിക്കൽ ബ്രൗസറിന്റെ സ്രഷ്ടാവാണ് മാർക്ക് ആൻഡ്രീസൻ. നെറ്റ്സ്കേപ്പ് നാവിഗേറ്റർ എന്ന ബ്രൗസർ അദ്ദേഹമാണ് വികസിപ്പിച്ചെടുത്തത്. 1971-ൽ അമേരിക്കയിലെ അയോവ സംസ്ഥാനത്താണ് മാർക്ക് ആൻഡ്രീസൻ

ഓണക്കാലം വന്നാല്
പൂ പറിക്കാൻ പോവാലോ

പൂക്കൊട്ട നിറഞ്ഞാല്
മുറ്റത്തു പൂക്കളമിട്ടാല്

ഓണത്തപ്പൻ വരുമല്ലോ
ഓണത്തപ്പൻ വന്നാല്

ഓണക്കോടിയുടുക്കാലോ
ഓണസദ്യയുണ്ണാലോ

ഊഞ്ഞാലാടി രസിക്കാലോ

ബിജീഷ് ലാൽ
൯ A

## നദി (കവിത)

മലയാളക്കരയുടെ ജീവനാം
നദികൾ മനസിൽ നിറഞ്ഞൊഴുക്കട്ടെ

മലിനമാം നദിയുടെ ഇന്നത്തെ
രൂപം മനസിൽ ശോകമുയർത്തുന്നു

മണ്ണിനെ നനയ്ക്കുന്ന പുണ്യനദികൾ
മണ്ണായി മാറുന്ന കാലം

മലിനമാം ജലമൊഴുകുന്ന നദിയുടെ
മരണമണികൾ ഉയരുന്നു

മനസ്സിൽ ഇന്നും ഉയർന്നു വരുന്നു
മലയാളക്കരയിലെ നദികൾ

ജിത്തു അജി
൭ A

**വിന്റൺ സെർഫ്**
**(Vinton G Cerf)**



ഇന്റർനെറ്റിന്റെ ആദ്യരൂപമായ ആർപാനെറ്റ് (ARPA NET) പദ്ധതിയുടെ ഡയറക്ടറായിരുന്ന വിന്റൺ സെർഫ് ആണ് ഇന്റർനെറ്റിന്റെ പിതാവായി അറിയപ്പെടുന്നത്. ഇന്റർനെറ്റിൽ വിവരങ്ങളെ കൈമാറ്റം ചെയ്യുന്നതിനുള്ള അടിസ്ഥാന സ്റ്റാൻന്റേർഡ് ആയ TCP/IP (Transmission Control Protocol/ Internet Protocol) യുടെ വികസനത്തിൽ അദ്ദേഹം മുഖ്യ പങ്കുവഹിച്ചു. അമേരിക്കയിലെ ന്യൂഹാവനിൽ 1943 ലാണ് വിന്റൺ സെർഫ് ജനിച്ചത്.

## പുഴകൾ (കവിത)

പമ്പയുടെ തീരത്ത്
നാണം കൊള്ളും നേരത്ത്
ഓളമിളക്കി വരുന്ന നീ
അവളുടെ കളകളഗാനം
മധുരതരമാം ഗാനം

ഇന്നീ പുഴകൾ ഉണ്ടോ
ഇന്നീ നാണം ഉണ്ടോ
നശിച്ചു മനുഷ്യർ തൻ
തീഷ്ണതകൾ മൂലം

മഹിമ മനോജ്
9 A

**റേ ടോംലിൻസൺ (1941 – 2016)**



ഇന്റർനെറ്റിന്റെ പ്രാരംഭ രൂപമായ ആർപാനെറ്റിനു വേണ്ടി റേ ടോംലിൻസനാണ് കമ്പ്യൂട്ടറിൽനിന്നും കമ്പ്യൂട്ടറിലേക്കു സന്ദേശം അയക്കുന്നതിനുള്ള പ്രോഗ്രാം കണ്ടുപിടിച്ചത്. ഇ-മെയിൽ വിലാസം എഴുതുമ്പോൾ ഉപയോക്തൃനാമവും സേവനദാതാവിന്റെ നാമവും തമ്മിൽ വേർതിരിക്കാൻ @ എന്ന അടയാളം തിരഞ്ഞെടുത്തതും ടോംലിൻസനാണ്. user@host എന്നത് ഇ-മെയിൽ വിലാസങ്ങളുടെ സ്റ്റാൻഡേർഡായി ഇന്നും കണക്കാക്കുന്നു.

പച്ചപ്പ് (കവിത)

ഇലകളിൽ നിറയും പച്ചപ്പ്
മരങ്ങൾ പേറും പച്ചപ്പ്

മലകൾ, പുഴകൾ, പൂക്കൾ
തളിർക്കും സുന്ദര പച്ചപ്പ്

തിരയുടെ സുഖവും
അപ്പോൾ മാറുമീ ജീവിതവും

യന്ത്രം യന്ത്രം മന്ത്രം
മായ്ക്കും ഇന്നീ പച്ചപ്പ്

ബിജിത ബിജു
9 A

## റോസാപ്പൂവ്...നീ എൻ സഖി (കവിത)

വീട്ടുമുറ്റത്തെ റോസാച്ചെടിയിൽ
ഞാനൊരു റോസാപ്പൂവ് കണ്ടു

ഇളവെയിലിൽ തലയാട്ടി
ചിരിച്ചു നിന്നൊരു റോസാപ്പൂവ്

ചുവന്ന തുടുത്ത റോസാപ്പൂ
മഞ്ഞുപൊഴിയും നേരത്തിങ്കൽ

കുളിർമ ചൊരിയും റോസാപ്പൂവ്...
മഞ്ഞിൻ തുള്ളികൾ പൊഴിയും നേരം

തണുത്തുവിറച്ചു റോസാപ്പൂവ്
സുന്ദരിയാം റോസാപ്പൂവ്....

ആശ മോഹനൻ
9 A

# പ്രകൃതി (കവിത)

പച്ചപ്പട്ട് പുതച്ച് നിൽക്കും
പ്രകൃതി മനോഹരി

അഴകിൻ സുന്ദരി
അവൾ ഒരു മണവാട്ടി

കുഞ്ഞുപൂവും കായ്കനിയും
അവൾക്ക് അലങ്കാരം....

ജിൻസി സജി
൭ A

മൂലധനം... (കവിത)

ജീവിതയാത്രയിൽ നേടുന്നതു
നഷ്ടപ്പെടുന്നതു മനസ്സിന്റെ

മൺകോണിൽ കണക്കുകളുടെ
കലവറക്കുന്നിൽ ക്രൂട്ടിയും കുറച്ചും

നോക്കിയിട്ടെങ്ങും കാണുന്നില്ലെൻ മൂലധനം
ഞാൻ നേടാത്തതെന്തോ

കാലം എനിക്കു
നഷ്ടപ്പെടുത്തിയത് എന്തോ

തിരയുന്നു ഞാനിന്നും
സ്നേഹമാം മൂലധനം

ബിജിൽ കെ. ബി
9 A

വർണമഴ (കവിത)

മഴ മഴ മഴ മഴ വർണമഴ
ആനന്ദത്തിൻ വർണമഴ
കുസൃതിക്കാരൻ വർണമഴ


പ്രകൃതി വരദാനമാം വർണമഴ
കാറ്റിലെത്തുന്ന വർണമഴ
ആഹാ മഴയെന്തു ഭംഗി

ജിത്തു അഞ്ജി
൯ A

## സ്വപ്നം (കവിത)

**സ്വപ്നം കാണൂ സ്വപ്നം കാണൂ**
**സ്വപ്നം പോലെ പ്രവർത്തിക്കൂ**
**സ്വപ്നത്തിൽ കൈകളിലേറി**
**മായാ ലോകത്തെത്തിടാം**
**മനസ്സിൻ കോണിൽ മായാതങ്ങനെ**
**ലക്ഷ്യം സ്വപ്നമാക്കിടാം**

**സഞ്ജിത്ത് എം. ആർ**
**9 A**




## മംഗൾയാൻ (കവിത)

കുതിച്ചു പൊങ്ങും മംഗൾയാൻ
കുതിച്ചുയരുന്ന അഭിമാനം

ഭാരതനാടിൻ അഭിമാനം
ഓരോ ഇന്ത്യക്കാരന്റെയും

നെഞ്ചിൽ ഉയരും അഭിമാനം
ഇനിയും മുന്നേറട്ടെ ഇന്ത്യ
നന്മകൾ നേരുന്നു ഞങ്ങൾ

അഞ്ജു അജയൻ
9 A



## മഴചൊല്ലുകൾ...

1) ചിങ്ങത്തിലെ മഴ ചിണുങ്ങി ചിണുങ്ങി.

2) തുലാപ്പത്ത് കഴിഞ്ഞാൽ പ്ലാപ്പൊത്തിലും കിടക്കാം.

3) അത്തം കറുത്താൽ ഓണം വെളുക്കും.

4) കർക്കിടകത്തിൽ പത്തുവെയിൽ.

5) മഴപെയ്താൽ പുഴയറിയും.

6) പെരുമഴ പെയ്താൽ കുളിരില്ല.

7) ചോതി വർഷിച്ചാൽ ചോറ്റിനും പഞ്ഞമില്ല.

8) പൂയത്തിൽ മഴപെയ്താൽ പുല്ലും നെല്ല്.

9) ഞാറ്റുവേല തെറ്റിയാൽ നാടാകെ നഷ്ടം.

10) കുംഭത്തിൽ മഴപെയ്താൽ കുപ്പയിലും നെല്ല്.

11) ചിങ്ങത്തിലെ മഴ തെങ്ങിന്നു നന്ന്.

ആദിത്യ അനിൽ
9 A

## <u>ജനിയ്ച വീട്ടിലെ വിരുന്നുകാരി </u>(കവിത)

ജനിയ്ചവീട്ടിൽ വിരുന്നുകാരി ഞാൻ
മാതാപിതാക്കൾ തൻ സ്നേഹം നേടിയെടുക്കാൻ
പഠനം, നിർത്തനമങ്ങനെ പലതും കഴിഞ്ഞു.
ഞാൻ വീട്ടിൽ നിൽക്കെ
മടുത്തു പോയെൻ മാതാപിതാക്കൾ
വിളിച്ചുവരുത്തി ബ്രോക്കർചേട്ടനെ
വന്നു നിരന്നു വീട്ടിൻ തിണ്ണയിൽ
ആഹാരം പലഹാരങ്ങളും
കുട്ടിനൊപ്പം ചായയും
വന്നുനിന്നു ഞാൻ വിൽപനചരക്കായ്
കാഴ്ച വസ്തുവായ് അവരു മുന്നിൽ

അശ്വതി കെ. രാജ്.
9 A

അമ്മ....... (കവിത)

അമ്മതൻ സ്നേഹത്തിൽ എൻ മനം
നിറഞ്ഞു തുളുമ്പി
അമ്മതൻ കരുതലിൽ എനിക്കൊരു
പുതുജീവൻ ലഭ്യമായി
എന്നമ്മയെൻ തെറ്റുകൾ
ചൂണ്ടിക്കാണിക്കവേ സത്യവും
നീതിയും എന്തെന്നറിഞ്ഞു ഞാൻ
തെറ്റുകളിൽ ഞാൻ പഴുതി വീഴാതെ
എന്നമ്മയെൻ കൈപിടിച്ച് നടത്തുന്നു
എൻ അമ്മയാണെനിക്കെല്ലാം...

ദീപക് സുനിൽ
9 A

## When Spring Comes

When the spring comes
Flowers begin to blossom
When Spring comes
Each little birds sing  songs

When spring comes
Cool wind give way
When spring comes
Our heart  blossoms

When spring comes
The Sun smiles at flowers
When spring comes
Thunder and lightning hides

Aswathy K Raj

മാനിഷാദ.... (തിരക്കഥ)

കഥാപാത്രങ്ങൾ

അച്ഛൻ-അനൂപ്
അമ്മ-ഗായത്രി
മകൻ-അപ്പു
കൂട്ടുകാരൻ-ശ്രീനി
വഴിപ്പോക്കൻ-ജയിംസ്

ഇടത്തരം വീട് രാവിലെ ഏഴ് മണി. മകൻ അപ്പു പഠിക്കുന്നു. അമ്മ ഗായത്രി രാവിലെ ധൃതിയിൽ ജോലികൾ ചെയ്യുന്നു.

സീൻ-1

ഗായത്രി- മോനെ,അപ്പൂ,അച്ഛൻ അവിടെ എവിടെയെങ്കിലും ഉണ്ടെങ്കിൽ ഞാൻ വിളിക്കുന്നു എന്നു പറയൂ.
അപ്പു- അമ്മേ അച്ഛനിവിടെയില്ല. (ദേഷ്യത്തോടെ)
ഗായത്രി- എവിടെപ്പോയി?
അപ്പു- അമ്മേ അച്ഛൻ രാവിലെ തന്നെ പതിവായി പോകുന്ന സ്ഥലത്തേക്കു പോയി.
ഗായത്രി- എന്റെ ദൈവമേ! ഈ മനുഷ്യനെകൊണ്ട് ഞാൻ തോറ്റു, ഇന്നലേം കൂടി ഞാൻ പറഞ്ഞതാണ് ഇനിയും മദ്യപിക്കരുതെന്ന്. അതെങ്ങനെ, ഞാൻ പറഞ്ഞാൽ കേൾക്കില്ലല്ലോ!
(അച്ഛൻ (അനൂപ്) വരുന്നു)
long shot- ൽ അനൂപിന്റെ രൂപം. രൂപം അടുത്തു വരുന്ന സമീപദൃശ്യം മുഖം close up.
അനൂപ്- എടീ ഗായത്രി നീയെവിടെയാണ്. എനിക്ക് ഒരു കസേര എടുത്തു തരൂ.
ഗായത്രി- ഹോ! വന്നു നാശം വന്നു ഇങ്ങേരേം കൊണ്ടു ഞാൻ തോറ്റു. ഏതു സമയത്താണോ എനിക്കിങ്ങേരെ കെട്ടാൻ തോന്നിയത്. പറഞ്ഞിട്ടെന്തു കാര്യം എന്റെ വിധി!
cut to
അനൂപ്- എടി.....നിന്നെ ഞാൻ വിളിച്ചത്..കേട്ടില്ലേടി....
ഗായത്രി-ഹോ! എന്റെ മനുഷ്യാ നിങ്ങളോടു ഞാൻ എത്ര പ്രാവശ്യം പറഞ്ഞിട്ടുണ്ട് ഇങ്ങനെ മദ്യപിക്കരുതെന്ന്. നിങ്ങൾക്ക് പറഞ്ഞാൽ മനസ്സിലാവില്ലേ? ഇങ്ങനെ മദ്യപിച്ചാൽ നിങ്ങളുടെ കരൾ നശിച്ചു പോകും. പിന്നെ, നിങ്ങളെ കണ്ടല്ലേ അപ്പുമോൻ പഠിക്കുന്നത്?
അനൂപ്- എടാ, അപ്പുമോനേ നീ എന്നെ കണ്ടാണോ പഠിക്കുന്നത് അല്ലാല്ലോ?
അപ്പു- അതെ അച്ഛാ ഞാൻ അച്ഛനെ കണ്ടാണ് പഠിക്കുന്നത്.
ഗായത്രി- ദേ മനുഷ്യാ, ഇന്ന് നിങ്ങൾ മദ്യപിച്ചു അതു ഞാൻ ക്ഷമിച്ചു നാളെ നിങ്ങൾ

മദ്യപിച്ച് ഈ വീടിന്റെ പടി ചവിട്ടിയാൽ പിന്നെ നിൽക്കില്ല ഞാനീ വീട്ടിൽ. ഞാനെന്റെ വീട്ടിലേക്കു പോകും പിന്നെ, നിങ്ങൾക്ക് നിങ്ങടെ വഴി എനിക്ക് എന്റെ വഴി

<u>സീൻ-2</u>

അടുത്ത ദിവസം രാവിലെ പതിവുപോലെ അനൂപ് മദ്യപിച്ചെത്തി. ഉമ്മറപ്പടിയിൽ ദേഷ്യത്തോടെ ഗായത്രി മുഖം close up-ൽ
ഗായത്രി- ഞാനിന്നലെ പറഞ്ഞതല്ലേ ഇനിയും മദ്യപിക്കരുതെന്ന്. പിന്നെന്തിനാ ഇന്നും മദ്യപിച്ചത് എന്തിനാ എന്റെ മനുഷ്യാ നിങ്ങളിങ്ങനെ മദ്യപിക്കുന്നത്? വീട്ടിൽ അരിയും സാധനവും വാങ്ങിക്കേണ്ട കാശല്ലേ ഇങ്ങനെ മദ്യപിച്ച് കളയുന്നത്.
അനൂപ്- ഞാൻ മദ്യപിക്കുമെടി! ഇനിയും മദ്യപിക്കും. നിന്റെ കാശ് കൊണ്ടല്ലല്ലോ ഞാൻ മദ്യപിക്കുന്നത്? നീ പോയി നിന്റെ പണി നോക്ക് അവള് വന്നേക്കുന്ന് ഉപദേശിക്കാൻ..
ഗായത്രി- ദേ മനുഷ്യാ.... ഇന്നലെ ഞാൻ നിങ്ങളോട് ഒരു കാര്യം പറഞ്ഞിരുന്നു. നിങ്ങൾ ഓർക്കുന്നുണ്ടോ?
അനൂപ്- എന്ത് കാര്യം?
ഗായത്രി- ആലോചിച്ച് നോക്ക് എന്താണെന്ന് (ആലോചിക്കുന്നു)
അനൂപ്- ഓ... ഞാൻ ഇനിയും മദ്യപിച്ചാൽ നീ ഇവിടുന്ന് പോകും അല്ലേ?
ഗായത്രി- അതെ.
അനൂപ്- അങ്ങനെയാണെങ്കിൽ നീ പൊയ്ക്കോളൂ. പിന്നെ അപ്പുമോനേ കൂടി കൊണ്ടുപോകണം.
ഗായത്രി- ഞാൻ എന്റെ വീട്ടിൽ പോകുകയാണ്. പക്ഷേ, അപ്പുമോൻ ഇവിടെ നിൽക്കും (ഗായത്രി കരയുന്നു. സാധനങ്ങളെല്ലാം എടുത്ത് സ്വന്തം വീട്ടിലേക്ക് പോകാനൊരുങ്ങുന്നു).
{മുഖം close up-ൽ}
അപ്പു- (കരയുന്നു) അമ്മേ.....അമ്മേ...അമ്മ ഇവിടെ നിന്ന് പോകരുത്. പോയാൽ ഞാനൊറ്റയ്ക്കാവും.
ഗായത്രി- നിന്റെ അച്ഛനെയൊരു പാഠം പഠിപ്പിക്കണം. അതിന് ഞാനിവിടെ നിന്ന് മാറിനിൽക്കണം.
അപ്പു- ഞാനും വരട്ടെ.
ഗായത്രി- വേണ്ട മോനെ, നീ വരരുത്.
(close up-ൽ കണ്ണീരിൽ ഒലിച്ചിറങ്ങുന്ന അവന്റെ മുഖം). (ഇതോടെ അപ്പു ദുഃഖിതനാകുന്നു. അവന് സ്കൂളിൽ പോകാനുള്ള ഉത്സാഹം കുറഞ്ഞു. എന്നും സ്കൂളിൽ പോകാതെയായി. പഠിക്കാനുള്ള ഉത്സാഹം തന്നെ കുറഞ്ഞു. )

<u>സീൻ-3</u>

അടുത്ത ദിവസം
രാവിലെ മടിച്ച് മടിച്ച് സ്കൂളിലേക്ക് പുറപ്പെടുന്ന അപ്പുവിനെ വഴിയിൽ വെച്ച് ഒരു

അപരിചിതൻ കണ്ടുമുട്ടുന്നു.
(അപരിചിതൻ ജയിംസ്)
ജയിംസ്- കുട്ടി നിന്റെ പേരെന്താണ്?
അപ്പു- അപ്പു
ജയിംസ്- അപ്പു, നൈസ് നെയിം നീ എന്താ വിഷമിച്ചിരിക്കുന്നത് എന്താണ് നിന്റെ പ്രശ്നം?
അപ്പു- ഒന്നുമില്ല.
ജയിംസ്- അങ്ങനെയല്ല, എന്തോ ഒരു പ്രശ്നമുണ്ട് നിന്റെ മുഖം കണ്ടാൽ അറിയാം, എന്താണ് കാര്യം?
(അവസാനം കാര്യങ്ങളെല്ലാം അയാളോടു പറയുന്നു.)
ജയിംസ്- ഓ! അതാണോ വല്യ കാര്യം, നിന്റെ ടെൻഷനും വിഷമവും മാറാനായി ഞാനൊരു സാധനം തരാം. ഒന്നു വെയ്റ്റ് ചെയ്യൂ. ഞാൻ എടുത്തുകൊണ്ടുവരട്ടെ.
(അയാൾ പോകുന്നു. കുറച്ചു സമയത്തിനു ശേഷം തിരിച്ചു വരുന്നു)
ജയിംസ്- അപ്പു ഇതാ ഞാൻ പറഞ്ഞ സാധനം. ഇത് അടിച്ചാൽ പിന്നെ നിനക്ക് ഒരു ടെൻഷനും വിഷമവും ഉണ്ടാവില്ല. ഇത് നല്ലതാണ്.
അപ്പു- എന്താണിത്
ജയിംസ്- മദ്യം
അപ്പു- എനിക്കു വേണ്ട മദ്യം അമ്മ അറിഞ്ഞാൽ വഴക്ക് പറയും.
ജയിംസ്- അതിന് നിന്റെ അമ്മ ഇത് അറിയുന്നില്ലല്ലോ? പിന്നെന്താണ് പ്രശ്നം.
അപ്പു- എന്നാലും എനിക്കിത് വേണ്ടാ.... അച്ഛൻ മദ്യപിക്കുന്നതിനാലാണ് അമ്മ വഴക്കിട്ട് വീടു വിട്ട് പോയത്. അതുകൊണ്ട് ഞാൻ ഒരിക്കലും മദ്യപിക്കില്ല. എനിക്കിത് വേണ്ട നിങ്ങളെടുത്തോളൂ..
ജയിംസ്- സാരമില്ല കുടിക്കൂ. ഇത് കുടിച്ചാൽ നിന്റെ ടെൻഷനും വിഷമവും മാറും.
അപ്പു- ടെൻഷനും വിഷമവും മാറുമോ?
ജയിംസ്- അതെ നീ ഇത് കുടിക്കൂ.
(നിർബന്ധിച്ച് കുടിപ്പിക്കുന്നു.)

<u>സീൻ-4</u>

വൈകുന്നേരം നാല് മണി.
(അപ്പു മദ്യപിച്ച് ബോധംപോയി വഴി അരികിൽ ഇരിക്കുന്നു. അവന്റെ കൂട്ടുകാരൻ (ശ്രീനി) അതുവഴി വരുന്നു) മദ്യപിച്ച നിലയിലുള്ള അപ്പുവിന്റെ മുഖം close up-ൽ
ശ്രീനി- ഇത് അപ്പുവല്ലേ? അപ്പു ഇന്ന് സ്ക്കൂളിൽ വന്നില്ലല്ലോ? അപ്പു നിനക്ക് എന്തുപറ്റി?
അപ്പു- ഹാ! ഇതാര് ശ്രീനിയോ? നീ എന്താ ഇവിടെ നിൽക്കുന്നത്? സ്ക്കൂളിൽ പോകുന്നില്ലേ?
ശ്രീനി- അപ്പൂ നീ എന്താണ് ബോധമില്ലാതെ സംസാരിക്കുന്നത്?
അപ്പു- നിനക്കാ ബോധമില്ലാത്തത്
ശ്രീനി- എന്തൊരു വൃത്തികെട്ട നാറ്റം?
അപ്പു- എന്ത് നാറ്റം?

ശ്രീനി- മദ്യത്തിന്റെ നാറ്റമാണ്. അപ്പു നീ മദ്യപിച്ചോ?
അപ്പു- അതെ ഞാൻ മദ്യപിച്ചു.
ശ്രീനി- എന്തിനാണ് നീ മദ്യപിച്ചത്. അത് തെറ്റാണ്. മദ്യപിക്കുന്നത് തെറ്റാണ്. മദ്യപാനം ആരോഗ്യത്തിന് ഹാനികരമാണ്. ഇതൊക്കെ നിനക്കറിയാവുന്ന കാര്യം തന്നെയല്ലേ? എന്നിട്ടും നീ എന്തിനാണ് ഇങ്ങനെ ചെയ്തത്?
അപ്പു- എന്റെ വിഷമം മാറാനായി ആണ്.
ശ്രീനി- എന്നിട്ട് നിന്റെ വിഷമം മാറിയോ എന്തായാലും ഇക്കാര്യം ഞാൻ ഗായത്രി ആന്റിയോടു ഫോൺ വിളിച്ചു പറയും.
അപ്പു- നീ പറഞ്ഞോളു. എനിക്കൊന്നുമില്ല.

<u>സീൻ- 5</u>

(ശ്രീനി വീട്ടിൽ ചെന്ന് ഫോണിൽ ഗായത്രിയെ വിളിക്കുന്നു.)
ശ്രീനി- ഹലോ അപ്പുവിന്റെ അമ്മയല്ലേ
ഗായത്രി- അതെ ആരാണ്?
ശ്രീനി- ആന്റി ഇത്  ഞാനാണ് ശ്രീനി
ഗായത്രി- ശ്രീനിയോ എന്താണ് ശ്രീനി?
ശ്രീനി- ആന്റി അത്.....അത്....അപ്പു
ഗായത്രി- അപ്പുവിനെന്തുപറ്റി?
ശ്രീനി- ഒന്നും പറ്റിയില്ല
ഗായത്രി- പിന്നെന്താ?
ശ്രീനി- ആന്റി വീട്ടിൽ നിന്നും പോയതിൽ പിന്നെ അപ്പു വളരെ ദുഃഖിതനായിരുന്നു. എന്നും സ്ക്കൂളിൽ വരാറില്ല. നന്നായി പഠിക്കാറില്ല. അവിടെ അവന്റെ കാര്യം നോക്കാൻ ആരുമില്ല എന്ന് അവൻ എന്നോടു പറഞ്ഞു.
ഗായത്രി- ഇതാണോ നീ പറയാൻ വന്ന കാര്യം. എനിക്കിവിടെ പോകണമെന്നുണ്ട്. എന്നാലും രണ്ട് ദിവസം കൂടി കഴിയട്ടെ..
ശ്രീനി- ആന്റി അതല്ല ഞാൻ പറയാൻ വന്നത്. ആന്റി....ആന്റി അവിടെ നിന്ന് പോയതിൽ പിന്നെ അവനൊരു ദുശ്ശീലം തുടങ്ങി.
(ഗായത്രിയുടെ നടുക്കം നിറഞ്ഞ മുഖം close up-ൽ)
ഗായത്രി- ദുശ്ശീലമോ? എന്ത് ദുശ്ശീലം?
ശ്രീനി- ആന്റി അത് മദ്യപാനം
ഗായത്രി- മദ്യപാനമോ? ഇല്ല ഇല്ല ഒരിക്കലും എന്റെ അപ്പു അങ്ങനെ ചെയ്യില്ല.
ശ്രീനി- ആന്റി ഞാൻ പറഞ്ഞത് നേരാണ്. വൈകുന്നേരം വഴിയരികിൽ മദ്യപിച്ച് ബോധം പോയ അപ്പുവിനെയാണ് ഞാൻ കണ്ടത്.
(കാര്യങ്ങളെല്ലാം ഗായത്രിയോട് ശ്രീനി പറയുന്നു)
ഗായത്രി- എന്റെ ഈശ്വരാ! എന്റെ അപ്പുവിന് ഇതെന്തുപറ്റി (കരയുന്നു)
ശ്രീനി- ആന്റി.....ആന്റി എന്റെ വീട്ടിലേക്ക് വരൂ നമുക്കൊരുമിച്ച് പോയി അപ്പുവിനെ

കൂട്ടിക്കൊണ്ടുവരാം.

<u>സീൻ-6</u>

(ഗായത്രിയും ശ്രീനിയും അപ്പുവിന്റെ അടുത്തെത്തുന്നു.)
ഗായത്രി- അപ്പൂ എന്താ നീ കാണിച്ചത് എന്തിനാണ് നീ മദ്യപിച്ചത്.
അപ്പു- അമ്മയോ? അമ്മയ്ക്ക് എന്നെ വേണ്ടാല്ലോ. എന്നെ നോക്കാനാരുമില്ലാല്ലോ..
അച്ഛൻ മദ്യപിച്ച് നടക്കുന്നു. അതിന് പിണങ്ങി അമ്മ അമ്മയുടെ വീട്ടിൽ പോയി.
ഇതിനിടയിൽ ഒറ്റപ്പെട്ടുപോയതു ഞാൻ മാത്രം. എന്നെ അച്ഛനും വേണ്ടാ. അമ്മയ്ക്കും
വേണ്ടാ..
ഗായത്രി- അമ്മയ്ക്ക് മോനെ വേണ്ടായെന്ന് ആരാ പറഞ്ഞത്?
അപ്പു- പിന്നെന്തിനാണ് അമ്മ എന്നെ കൊണ്ടുപോകാതെ പോയത്?
ഗായത്രി- അത് അന്നു ചേട്ടനോട് ദേഷ്യപ്പെട്ടില്ലേ? എന്നാലും എന്റെ പൊന്ന് മോൻ
എന്തിനാ മദ്യപിച്ചത്.
(അപ്പുവിന്റെ മുഖം close up-ൽ)
അപ്പു- എന്റെ വിഷമം മാറാനാണ്.
ഗായത്രി- ഇനിയും അമ്മ മോനെ വിട്ട് എവിടെയും പോകില്ല. ഇനിയും മോനിങ്ങനെ
ചെയ്യരുത്. അച്ഛൻ മദ്യപിച്ച് നടക്കുന്നു. മോനും അങ്ങനെയായാൽ ഈ അമ്മയ്ക്ക് വേറെ
ആരുമില്ല. മദ്യപിക്കില്ല മോൻ എന്ന് സത്യം ചെയ്യൂ. ഇനി ഒരിക്കലും ഞാൻ മദ്യപിക്കില്ല.
ഗായത്രി- എന്റെ പൊന്ന് മോൻ നീ നല്ല കുട്ടിയാണ്.

<u>സീൻ-7</u>

(രാത്രി അപ്പുവും ഗായത്രിയും വീട്ടിലെത്തി. സിറ്റൗട്ടിൽ ഇരിക്കുന്ന അനൂപ്)
ഗായത്രി- അനൂപേട്ടാ....നിങ്ങൾ മദ്യപിച്ച് വഴക്കുണ്ടാകുന്നതിനാലാണ് ഞാനീ വീട് വിട്ട്
പോയത്. അതുകൊണ്ട് വിഷമിച്ചതോ നമ്മുടെ മകൻ അപ്പു. അതിനാൽ ആരോ
നിർബന്ധിപ്പിച്ച് മദ്യം നൽകിയപ്പോൾ അവൻ മദ്യപിച്ചു. എന്തിനാണെന്നോ അവന്റെ
വിഷമം മാറാൻ. അതു ചേട്ടനൊന്ന് ആലോചിച്ച് നോക്കു. അപ്പുമോൻ മദ്യപിക്കാൻ
കാരണം നമ്മളല്ലേ?
(അനൂപിന്റെ മുഖം close up-ൽ)
അനൂപ്- എന്താ ഗായത്രി അപ്പു മദ്യപിച്ചോ
ഗായത്രി- അതെ
അനൂപ്- ശരിയാണ് ഗായത്രി നീ പറഞ്ഞത് മക്കൾക്ക് വഴി കാട്ടേണ്ടവരാണ് അച്ഛനും
അമ്മയും. നീ നന്നായി മകനെ നോക്കുന്നു അവന് നല്ല ശീലങ്ങൾ പറഞ്ഞുകൊടുക്കുന്നു.
ഞാനും അങ്ങനെ തന്നെയല്ലേ ചെയ്യേണ്ടത്. എന്നാൽ അതിന് പകരം ഞാൻ എന്നും
മദ്യപിച്ച് വഴക്കുണ്ടാക്കി നടക്കുകയായിരുന്നു. അപ്പുമോൻ ഇങ്ങനെയാകാൻ കാരണം
ഞാനാണ്.
ഗായത്രി- ഇനിയും അതൊന്നും പറയണ്ടാ... പകരം അനൂപേട്ടൻ എനിക്കൊരു വാക്കു
തരണം. ഇനിയും ഒരിക്കലും ഏട്ടൻ മദ്യപിക്കില്ലായെന്ന്.

അനൂപ്- ഞാൻ വാക്ക് തരുകയാണ്. ഇനിയും ഒരിക്കലും ഞാൻ മദ്യപിക്കില്ല. എന്റെ കുടുംബത്തെ ഞാൻ നന്നായി നോക്കും.
ഗായത്രി- എനിക്കതു മതി (കരയുന്നു)
അനൂപ്- എനിക്കിപ്പോൾ ഒരു കാര്യം മനസ്സിലായി. മദ്യപിക്കുന്നത് തെറ്റാണ് മദ്യപാനം ആരോഗ്യത്തിന് ഹാനികരമാണ്. ഒരു കുടുംബത്തിലെ കുടുംബനാഥൻ മദ്യപിച്ച് ഭാര്യയുമായി വഴക്കുണ്ടാക്കി നടക്കുമ്പോൾ വിഷമിക്കുന്നത് അവരുടെ മക്കളാണ്. ഇത് കുട്ടികളെ പല തെറ്റിലേക്കും നയിക്കും. അതിനാൽ ആരും മദ്യപാനികളാകരുത്. മദ്യപാനം എന്ന ദുശ്ശീലം നമുക്ക് ഒഴിവാക്കാം അല്ലേ ഗായത്രി.
ഗായത്രി- ശരിയാണ്.
close up-ൽ അവർ മൂന്നു പേരും ഒരുമിച്ച് നിൽക്കുന്നു.

ശുഭം...

ദേവദത്ത് മനോജ്
9 A

## It is in You

Smile for a good day
Love for protect our relatives
Friendship is made with full of help
Care is made with a good thing

A group is made by individuals
Flower is made with full of eagerness
A fruit is made with sweetness
A butterfly is created with colours

A life is full with these things
So........ fill colours in your life.

Aswathy K. Raj

## എന്തു സുന്ദരമീ പ്രകൃതി ( കവിത )

പച്ചപ്പട്ടുടുത്ത നിന്നെ കാണാൻ എന്തു ഭംഗി.
കിഴക്ക് തുഷാരത്തിൽ നിന്നുയരും അരുണനും
ചന്ദ്രികയിൽ മന്ദഹാസം പൂണ്ട നിശയും
മയക്കുന്നു നിത്യവും
തരംഗിണി പ്രവാഹത്തിൽ
കുളിച്ചെത്തിടും മത്സ്യക്കൂട്ടങ്ങൾ
കാണാൻ എന്തു സുന്ദരം .
മന്ദമാരുതനിൽ ശിരസാട്ടി
നർത്തനം ചെയ്തീടവേ തരുക്കൾ.
കുസുമ പരിമളത്താൽ മയങ്ങുന്നു നിത്യവും.
അനന്ത വിഹായസ്സിൽ വിഹഗം പാറുന്നത്
എന്തു ഭംഗി.
നിന്റെ ഈ സൗന്ദര്യത്തിൽ മയങ്ങിടുന്നു ഞാൻ
എന്തു സുന്ദരമീ പ്രകൃതി !

ആദിത്യ അനിൽ
9A

<u>കാടിന്റെ ഭംഗി</u> ( കവിത )

പച്ചപ്പ തണൽ വിരിയ്യൊരാ കൊടുംകാട്ടിൽ
പച്ചപ്പുല്ലുകൾ മെത്ത വിരിക്കുന്നു.
കോരിത്തരിക്കും തണുപ്പുള്ള കാട്ടിൽ
എണ്ണിത്തീരാത്തത്ര മാമരങ്ങൾ
സൂര്യകിരണങ്ങളാൽ
വെളിച്ചം പരക്കുമ്പോൾ
കാടിനെന്തു ഭംഗി.
അരുവിയും കിളിയും
കളകളം പാടുന്ന കാട്
വൃക്ഷത്തലപ്പുകൾ കാറ്റിലാടുന്ന
മൃദുനാദം എല്ലാം അന്യമാകുമോ
നമുക്കിനി കാട് കാടായി
നിൽക്കാൻ ശ്രമിക്കാം.......

ദേവദത്ത് മനോജ്
9A

## പ്രകൃതി എന്ത് ഭംഗി

പച്ചവർണം കൊണ്ട് എന്തു സുന്ദരമീ പ്രകൃതി
മനസ്സിന് കുളിർമയേകുന്ന പ്രകൃതി
ഇളംകാറ്റിലാടുന്ന തെങ്ങോലയെ
കാണാൻ എന്തു ഭംഗി
കാറ്റിലാടുന്ന നെൽക്കതിർ
കാണാൻ എന്തു രസം
പ്രകൃതിക്കു ഭംഗിയേകുന്ന
പക്ഷികളെ കാണാൻ എന്തു ഭംഗി.
മനസ്സിനെ പരമാനന്ദത്തിലാഴ്ത്തുന്നു പൂക്കൾ
പുലരിയിലെ വെള്ളച്ചാട്ടത്തെയും
ഓർക്കുമ്പോൾ മനം നിറയുന്നു
ഇലകളിൽ തങ്ങിനിൽക്കുന്ന
മഞ്ഞു തുള്ളി കാണാൻ എന്തു ഭംഗി
പൂമ്പാറ്റകൾക്ക് മധുരമേകാൻ
ഒരുങ്ങുന്ന പൂവിനെന്തു ഭംഗി

ബിജിത ബിജു
9A

## മണ്ണും മനുഷ്യനും

മനുഷ്യന്റെ ഏറ്റവും പ്രാഥമികമായ ആവശ്യങ്ങൾ മൂന്നാണ്. പ്രാണവായു,വെള്ളം,ഭക്ഷണം.ഇവയെല്ലാം നമ്മുടെ ചുറ്റുപാടിലെ മണ്ണിനെ ആശ്രയിച്ചിരിക്കുന്നു.മണ്ണിനും ജലത്തിനും ശുദ്ധവായുവിനും പ്രാധാന്യം നൽകാത്ത വികസനമാണ് ഇന്ന് നടക്കുന്നത്. മണ്ണിനെ നാം ശ്വാസംമുട്ടിച്ചു കൊല്ലുന്നു. കോൺക്രീറ്റ് മിനുക്കുന്നതാണ് നാടിന്റെ പരിഷ്കാരമെന്നു വിചാരിച്ചു പണത്തിനു പിറകെ പായുന്നു. മണ്ണ് ജീവനാണ്,കോടാനുകോടി ജീവികളുടെ ആവാസസ്ഥാനമാണ്. അത് തിരിച്ചറിയാത്തതു കൊണ്ടാണ് പലപ്പോഴും നമ്മുടെ കൃഷി പരാജയപ്പെടുന്നത്. വനങ്ങൾ നശിപ്പിക്കുന്നത് മൂലം മണ്ണൊലിപ്പ് ഉണ്ടാകുന്നു.മണ്ണിനെക്കുറിച്ച് പഠിക്കാതെ നമുക്കിനി ഒരിഞ്ച് മുന്നോട്ട് പോകാൻ കഴിയില്ല. മണ്ണിനോട് ചേർന്നു നിൽക്കുന്നതിന്റെ ആഹ്ലാദം നമ്മുടെ കുഞ്ഞുങ്ങളെ ബോധ്യപ്പെടുത്തണം. ഓരോ വീട്ടുമുറ്റത്തും വേണം കൃഷി.

അനന്യ അശോക്
9A

## നമ്മുടെ പ്രകൃതി

മാനവ ഹൃദയത്തിൽ മാതളതോപ്പിൽ
മാനം മുട്ടെ വളർന്നു ഞാൻ
കാടും മലയും കാട്ടരുവികളും
സുന്ദരമായ ചെറു കേരളം.
രാവിലെ ഉദിയ്ച്ച പൊൻ സൂര്യൻ
സുന്ദരമായ ചെറു പുഷ്പങ്ങൾ
വാനിൽ പാറി പറന്ന പക്ഷികൾ
കണ്ണുകൾ മെല്ലെ തുറക്കുമ്പോൾ
സുന്ദരമായ കിളിക്കൊഞ്ചൽ
മഴയും വെയിലും ഉദിച്ചുണരുമ്പോൾ
മുല്ലമൊട്ടുകൾ വിരിഞ്ഞു വിടരുമ്പോൾ
തേൻ നുകരാൻ പാറിപ്പറന്നു നടക്കുന്ന
ചെറു പൂമ്പാറ്റകൾ.
ഹാ...എത്ര മനോഹരം
ഹാ...എന്തുഭംഗി
പാരിജാത മലരുകൾ
പാതി വിടരുമ്പോൾ
ദൈവം നൽകിയ വരദാനം
നമ്മുടെ മണ്ണും വിണ്ണും
കാത്തു സൂക്ഷിക്കുക മാനവരേ......
കാത്തു സൂക്ഷിക്കുക.

അങ്കിത പി.മധു
9A

## മാവു മരം

പണ്ട് കാലത്ത് പണ്ടത്തെ ആളുകൾ നട്ട മാവ്. ആ മാവായിരുന്നു ആ പ്രദേശത്തെ ഏക മാവ്. അവിടുത്തെ കുട്ടികളും ആളുകളും ആ മരത്തിനു ചോട്ടിലിരിക്കുകയും കളിക്കുകയും ആ മാവിന്റെ ചില്ലകളിൽ ഊഞ്ഞാൽ കെട്ടി ആടുകയും ചെയ്യ്തിരിന്നു.ഈ മാവിൽ എപ്പോഴും മാമ്പഴം ഉണ്ടാകുമായിരിന്നു. ഇതിലെ മാമ്പഴം കഴിക്കുന്നത് ഇവിടുത്തെ ആളുകളാണ്.അതുമല്ലാ,ആ മരത്തിന്റെ പൊത്തുകളിൽ ജന്തുക്കളും ഇഴജന്തുക്കളും പിന്നെ മരത്തിന്റെ കൊമ്പിൽ കിളികൾ കൂടുക്കൂട്ടുകയും ചെയ്യ്തിരിന്നു.ഇവരുടെയെല്ലാം വാസസ്ഥലമായിരുന്നു ആ മാവ്.

വർഷങ്ങൾ കടന്നു പോയി.....മാവ് തീരെ വയസ്സായി.ആ മാവ് മരം തനിച്ചായി. പണ്ടത്തെ സന്തോഷമൊന്നുമില്ല.അങ്ങനെ ഒരാൾ ആ മാവു നിൽക്കുന്ന സ്ഥലം വിലയ്ക്കു വാങ്ങിച്ചു.അവിടെ വീടുവച്ച് താമസിക്കുകയും ചെയ്യ്തു. ആ വീട്ടിലെ കുട്ടികൾ മാവിൻ ചുവട്ടിലിരുന്ന് കളിക്കുകയും പഠിക്കുകയും ചെയ്യുമായിരിന്നു. ഈ മാവിനെ ആ കുട്ടികൾ ഒരുപാട് ഇഷ്ടപ്പെട്ടിരുന്നു.ഒരു ദിവസം ആ കുട്ടികളുടെ അച്ഛൻ ജോലിക്കു പോവാൻ ഇറങ്ങി. കാറ് സ്റ്റാർട്ടാക്കി പോകുവാൻ തുടങ്ങിയപ്പോൾ മാവ് ഒരു തടസ്സമായി അയാൾക്കു തോന്നി.മാവിന്റെ കുറച്ചടുത്തു കൂടെയായിരുന്നു കാറിന് പോകേണ്ടത്.അദ്ദേഹത്തിന്റെ കാറിന് പോറൽ പറ്റുമെന്ന് ഭയന്നു.അതുകൊണ്ട് അദ്ദേഹം മരം വെട്ടുകാരെ കൊണ്ട് മാവ് മുറിക്കാൻ തീരുമാനിച്ചു.മരം വെട്ടുകാരുവന്നു മരം മുറിച്ചിട്ടു.ഇത് കണ്ടപ്പോൾ അവിടുത്തെ കുട്ടികൾക്ക് വളരെ വിഷമമായി.


ഈ കഥയിൽ അദ്ദേഹം ഒരു നിസാര കാര്യത്തിനാണ് മാവു മരം മുറിച്ചിട്ടത്. ഇപ്പോഴത്തെ ആളുകൾക്ക് ഒന്നുമറിയില്ല.വൃക്ഷങ്ങൾ ആണ് നമുക്ക് തണൽ തരുന്നത്.പ്രകൃതിയുടെ പച്ചപ്പ് തന്നെ മരങ്ങളാണ്.വൃക്ഷം വെട്ടി നശിപ്പിക്കുന്നത് നമ്മൾ പ്രകൃതിയോട് തന്നെ ചെയ്യുന്ന ഒരു ക്രൂരതയാണ്. അതുകൊണ്ട് മരം വെട്ടി നശിപ്പിക്കരുത്. പകരം നമുക്ക് തൈകൾ വച്ചുപിടിപ്പിക്കാം.

ആതിര സോമൻ

## പ്രകൃതി

എന്തു വിസ്മയമാണീ പ്രകൃതി !
എന്തു ഭംഗിയാണീ പ്രകൃതി !
പൂക്കളും ചെടികളും മരങ്ങളും ഉള്ള
ഈ പ്രകൃതി എത്ര സുന്ദരമാണ് !
പ്രകൃതിയെക്കാൾ മനോഹരമായ
വേറെന്തുണ്ട് ഈ ലോകത്തിൽ ?
ഹരിത പൂരിതമായ പ്രകൃതീ.....
നിനക്കെവിടുന്ന കിട്ടിയീ വർണ്ണം ?
മനം കുളിർക്കും നിന്റെ ചാരുതയിൽ
ഞാൻ മയങ്ങുന്നവല്ലോ.....
എന്നാലിന്ന് എല്ലാം നശിച്ചുവല്ലോ
നിന്റെ ഭംഗിയാർന്ന നിറം
അപൂർവങ്ങളിൽ അപൂർവം ആയല്ലോ
മനുഷ്യരെല്ലാം എല്ലാം നശിപ്പിക്കുന്നുവല്ലോ
അല്ലയോ പ്രകൃതി.....
നിന്റെ അന്ത്യം അടുത്തുവല്ലോ
ദുഃഖത്തോടെ നോക്കുന്നുവല്ലോ നിന്നെ ഞാൻ
ഒന്നും ചെയ്യാനാകാതെ.....!

അശ്വതി കെ.രാജ്
9A



# വൈക്കം മുഹമ്മദ് ബഷീർ
## -ജീവചരിത്രം

മലയാള നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമര പോരാളിയുമായിരുന്ന ബേപ്പൂർ സുൽത്താൻ എന്ന അപരനാമത്തിലറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ 1908 ജനുവരി 21ന് തിരുവിതാംകൂറിലെ (ഇപ്പോഴത്തെ കോട്ടയം ജില്ലയിലെ വൈക്കം താലൂക്ക് ഉൾപ്പെട്ടത്)തലയോലപ്പറമ്പ് ഗ്രാമത്തിൽ കായി അബ്ദുൾ റഹ്മാന്റെയും കുഞ്ഞാച്ചുമ്മയുടെയും ആദ്യ പുത്രനായി ജനിച്ചു.പ്രാഥമിക വിദ്യാഭ്യാസം തലയോലപ്പറമ്പിലെ മലയാളം പള്ളിക്കൂടത്തിലും വൈക്കം ഇംഗ്ലീഷ് സ്കൂളിലും.

രസപരവും സാഹസികവുമായിരിന്നു ബഷീറിന്റെ ജീവിതം.സ്കൂൾ പഠനകാലത്ത് കേരളത്തിലെത്തിയ ഗാന്ധിജിയെ കാണാൻ വീട്ടിൽ നിന്നും ഒളിച്ചോടിയതാണ് ബഷീറിന്റെ ജീവിതത്തിൽ വഴിത്തിരിവായത് .കാൽനടയായി എറണാകുളത്തു ചെന്ന് കള്ളവണ്ടി കയറി കോഴിക്കോടെത്തിയ ബഷീർ സ്വാതന്ത്ര്യസമര രംഗത്തേക്ക് എടുത്തുചാടി .ഗാന്ധിജിയെ തൊട്ടു എന്ന് പിൻകാലത്ത് അദ്ദേഹം അഭിമനത്തോടെ പരാമർശിച്ചിട്ടുണ്ട്.1930-ൽ കോഴിക്കോട്ട് ഉപ്പുസത്യഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിലിലായി.പിന്നീട് ഭഗത് സിംഗ് മാതൃകയിൽ തീവ്രവാദ സംഘമുണ്ടാക്കി. തീവ്രവാദ സംഘടനയുടെ മുഖപത്രമായ ഉജ്ജീവനത്തിലെഴുതിയ തീപ്പൊരി ലേഖനങ്ങളാണ് ആദ്യകാല കൃതികൾ.'പ്രഭ'എന്ന തൂലികനാമമാണ് അന്ന് അദ്ദേഹം സ്വീകരിച്ചിരുന്നത്.വാരിക പിന്നീട് കണ്ടുകെട്ടി. തുടർന്നു കുറേ വർഷങ്ങൾ ഇന്ത്യയൊട്ടാകെ അലഞ്ഞുതിരിഞ്ഞു.അതിസാഹസികമായ ഈ കാലയളവിൽ ബഷീർ കെട്ടാത്ത വേഷങ്ങളില്ല.ഉത്തരേന്ത്യയിൽ ഹിന്ദു സന്ന്യാസിമാരുടെയും,സൂഫിമാരുടെയും കൂടെ ജീവിച്ചു. പാചകക്കാരനായും,മാജിക്കുകാരന്റെ സഹായിയായും കഴിഞ്ഞു.പല ജോലികളും ചെയ്തു. അറബിനാടുകളിലും ആഫ്രിക്കയിലുമായി തുടർന്നുള്ള സഞ്ചാരം.ഏകദേശം 9 വർഷത്തോളം നീണ്ട ഈ യാത്രയിൽ അദ്ദേഹം പല ഭാഷകളും ഗ്രഹിച്ചു.മനുഷ്യ ജീവിതത്തന്റെ എല്ലാം വശങ്ങളും തീവ്ര ദാരിദ്ര്യവും, മനുഷ്യ ദുരയും നേരിട്ടു കണ്ടു.ബഷീറിന്റെ ജീവിതം തന്നെയാണ് അദ്ദേഹത്തിന്റെ സാഹിത്യം. ഇതുപോലെ സ്വതന്ത്ര്യമായി ലോകസഞ്ചാരം നടത്തിയ എഴുത്തുകാർ മലയാള സാഹിത്യത്തിൽ വിരളമാണ്. ലോകം ചുറ്റുന്നതിനിടയിൽ കണ്ടെത്തിയ ഒട്ടേറെ ജീവിത സത്യങ്ങൾ അദ്ദേഹത്തിന്റെ കൃതിയിൽ കാണാം.

പദ്മനാഭ പൈ പത്രാധിപരായിരുന്ന ജയകേസരിയിൽ പ്രസിദ്ധീകരിച്ച 'തങ്കം' ആണ് ആദ്യം പ്രസിദ്ധീകരിച്ച കഥ. ജോലിയന്വേഷിച്ചാണ് ബഷീർ പത്രാധിപരുടെയടുത്തെത്തിയത്.എന്നാൽ ജോലി തരാൻ നിവൃത്തിയില്ലെന്നും,കഥ എഴുതിത്തന്നാൽ പ്രതിഫലം തരാം എന്നും മറുപടി കേട്ട ബഷീർ ഗത്യന്തരമില്ലാതെ ഒരു കഥ എഴുതുകയായിരുന്നു. കറുത്തിരുണ്ട് വിരൂപയായ നായികയും ചട്ടുകാലും, കോങ്കണ്ണും,

ക്രൂരമുള്ള യാചകൻ നായകനുമായി എഴുതിയ കഥയാണ് തങ്കം.

1958 ഡിസംബർ 18 ന് ബഷീർ വിവാഹിതനായി. ഫാബി ബഷീറാണ് ഭാര്യ. അനീസ്, ഷാഹിന എന്നിവരാണ് മക്കൾ. 1994 ജൂലൈ 5 ന് അന്തരിച്ചു.

ആദിത്യ അനിൽ

ബഷീർ ക്വിസ്

1. ബഷീർ അദ്ദേഹത്തിന്റെ ആദ്യകാല കൃതികളിൽ ഉപയോഗിച്ചിരുന്ന തൂലികാനാമം ഏത് ?
2. 'ഒന്നും ഒന്നും ഇമ്മിണി ബല്യൊന്ന് 'എന്ന പ്രയോഗം ഏത് പുസ്തകത്തിലാണ് ?
3. ബഷീറിന്റെ ഏതു കൃതിക്കാണ് 'പെണ്ണുങ്ങളുടെ ബുദ്ധി' എന്ന കൂടി പേരുണ്ടായിരുന്നത് ?
4. ബഷീറിന്റെ 'പ്രേമലേഖനം' എന്ന നോവൽ ഏത് വർഷമാണ് എഴുതിയത് ?
5. വൈക്കം മുഹമ്മദ് ബഷീർ ജനിച്ച വർഷം ഏതാണ് ?
6. വൈക്കം മുഹമ്മദ് ബഷീർ അന്തരിച്ച വർഷം ഏതാണ് ?
7. ബഷീറിന് 'പത്മശ്രീ' അവാർഡ് ലഭിച്ച വർഷം ഏതാണ് ?
8. ബഷീറന് സ്വാതന്ത്ര്യസമരസേനാനിക്കുള്ള താമ്രപത്രം ലഭിച്ച വർഷം,മാസം,തീയതി ഏതാണ് ?

ഉത്തരം

1. പ്രഭ
2. ബാല്യകാലസഖി
3. പാത്തുമ്മയുടെ ആട്
4. 1943
5. 1908
6. 1994
7. 1982
8. 1972 ആഗസ്റ്റ് 15

അനഘ അശോക്
9A

## ബഷീർ-കൃതികൾ

| ക്രമ നമ്പർ | കൃതി | രചിച്ച വർഷം |
|---|---|---|
| 01 | പ്രേമലേഖനം | 1943 |
| 02 | ബാല്യകാലസഖി | 1944 |
| 03 | കഥാബീജം | 1945 |
| 04 | ജന്മദിനം | 1945 |
| 05 | ഓർമ്മക്കുറിപ്പ് | 1946 |
| 06 | അനർഘനിമിഷം | 1946 |
| 07 | ശബ്ദങ്ങൾ | 1947 |
| 08 | വിഡ്ഢികളുടെ സ്വർഗം | 1948 |
| 09 | ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന | 1951 |
| 10 | മരണത്തിന്റെ നിഴൽ | 1951 |
| 11 | മുച്ചീട്ടുകളിക്കാരന്റെ മകൾ | 1951 |
| 12 | പാവപ്പെട്ടവരുടെ വേശ്യ | 1952 |
| 13 | സ്ഥലത്തെ പ്രധാന ദിവ്യൻ | 1953 |
| 14 | ആനവാരിയും പൊൻകുരിശും | 1953 |
| 15 | ജീവിതനിഴൽപ്പാടുകൾ | 1954 |
| 16 | വിശ്വവിഖ്യാതമായ മൂക്ക് | 1954 |
| 17 | വിശപ്പ് | 1954 |
| 18 | പാത്തുമ്മായുടെ ആട് | 1959 |
| 19 | മതിലുകൾ | 1965 |
| 20 | ഒരു ഭഗവത്ഗീതയും കുറേ മുലകളും | 1967 |
| 21 | താരാ സ്പെഷ്യൽസ് | 1968 |

| | | |
|---|---|---|
| 22 | മാന്ത്രികപ്പൂച്ച | 1968 |
| 23 | നേരും നുണയും | 1969 |
| 24 | ഓർമ്മയുടെ അറകൾ | 1973 |
| 25 | ആനപ്പൂട | 1975 |
| 26 | ചിരിക്കുന്ന മരപ്പാവ | 1975 |
| 27 | ഭൂമിയുടെ അവകാശികൾ | 1977 |
| 28 | അനുരാഗത്തിന്റെ ദിനങ്ങൾ | 1983 |
| 29 | ഭാർഗ്ഗവീനിലയം | 1985 |
| 30 | എം.പി.പോൾ | 1991 |
| 31 | ശിങ്കിടിമുങ്കൻ | 1991 |
| 32 | ചെവിയോർക്കുക അന്തിമകാഹളം | 1992 |
| 33 | സമ്പൂർണ്ണകൃതികൾ | 1992 |
| 34 | യാ ഇലാഹി | 1997 |
| 35 | സ്വാതന്ത്ര്യസമരകഥകൾ | 1998 |
| 36 | പ്രേംപാറ്റ | 2000 |
| 37 | ജീവിതം ഒറ്റനുഗ്രഹം | 2001 |

മഹിമ മനോജ്
9A

## ബഷീർ-ബഹുമതികൾ

| ക്രമ നമ്പർ | ബഹുമതി | ലഭിച്ച വർഷം |
|---|---|---|
| 01 | കേന്ദ്രസാഹിത്യ അക്കാദമി ഫെലോഷിപ്പ് | 1970 |
| 02 | സ്വാതന്ത്ര്യ സമരഭടന്മുള്ള താമ്രപത്രം | 1972 |
| 03 | കേരള സാഹിത്യഅക്കാദമി ഫെലോഷിപ്പ് | 1981 |
| 04 | പത്മശ്രീ പുരസ്കാരം | 1982 |
| 05 | അബുദാബി മലയാള സമാജം അവാർഡ് | 1983 |
| 06 | കാലിക്കറ്റ് സർവ്വകലാശാല ഡിലിറ്റ് ബിരുദം | 1987 |
| 07 | മികച്ച ചലച്ചിത്രകഥയ്ക്കുള്ള അവാർഡ് (മതിലുകൾ) | 1989 |
| 08 | അങ്കണം സാംസ്കാരികവേദി അവാർഡ് | 1991 |
| 09 | ലളിതാംബിക അന്തർജ്ജനം സ്മാരകപുരസ്കാരം | 1992 |
| 10 | പ്രേംനസീർ അവാർഡ് | 1993 |
| 11 | വള്ളത്തോൾ അവാർഡ് | 1993 |
| 12 | മുട്ടത്തുവർക്കി അവാർഡ് | 1993 |
| 13 | ജിദ്ദ അരങ്ങ് അവാർഡ് | 1994 |

അഞ്ജു അജയൻ
9A

## ബഷീർ-സാഹിത്യശൈലി

സാമാന്യം മലയാളഭാഷ അറിയാവുന്ന ആർക്കും ബഷീർ സാഹിത്യം വഴങ്ങും. വളരെ കുറച്ചു മാത്രമെഴുതിയിട്ടും ബഷീറിയനിസം അല്ലെങ്കിൽ ബഷീർ സാഹിത്യം എന്നത് മലയാളത്തിലെ ഒരു സാഹിത്യ ശാഖയായി മാറിയത് അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങളും കരുത്തുകൊണ്ടായിരുന്നു. ഹാസ്യം കൊണ്ട് അദ്ദേഹം വായനക്കാരെ ചിരിപ്പിച്ചു. കൂടെ കരയിപ്പിക്കയും ചെയ്തു. സമൂഹത്തിന്റെ അടിത്തട്ടിൽ ജീവിക്കുന്ന മനുഷ്യരുടെ കഥകൾ അദ്ദേഹം പറഞ്ഞപ്പോൾ അത് ജീവസ്സുറ്റതായി,കാലാതിവർത്തിയായി. ജയിൽപ്പുള്ളികളും,ഭിക്ഷക്കാരും,വേശ്യകളും,പട്ടിണിക്കാരും,സ്വവർഗ്ഗാനുരാഗികളും നിറഞ്ഞ ഒരു ഫാൻറസിയായിരുന്നു ബഷീറിന്റെ ലോകം. ഇത്തരം കഥാപാത്രങ്ങളുടെ ചിന്തകൾക്കോ, വികാരങ്ങൾക്കോ അതുവരെയുള്ള സാഹിത്യത്തിൽ സ്ഥാനമുണ്ടായിരുന്നില്ല. സമൂഹത്തിനു നേരെയുള്ള വിമർശനം നിറഞ്ഞ ചോദ്യങ്ങൾ അദ്ദേഹം ഹാസ്യത്തിലൊളിപ്പിച്ചു വച്ചു.സമൂഹത്തിൽ ഉന്നത നിലവാരം പുലർത്തുന്നവർ മാത്രം നായകൻമാരാവുക,മുസ്ലിം കഥാപാത്രങ്ങളെ വില്ലന്മാരായി ചിത്രീകരിക്കുക തുടങ്ങിയ പ്രവണതകളിൽ നിന്നും നോവലുകൾക്ക് മോചനം നൽകിയത് ബഷീറാണ്.തീക്ഷ്ണമായ അനുഭവങ്ങളുടെ തീവ്രത അദ്ദേഹത്തിന്റെ കൃതികളെ അനശ്വരമാക്കി.മുസ്ലിം സമുദായത്തിൽ ഒരു കാലത്ത് നിലനിന്നിരുന്ന എല്ലാവിധ അനാചാരങ്ങളുക്കെതിരെയും വിമർശനാത്മകമായി അദ്ദേഹം തൂലിക ചലിപ്പിച്ചു.

അഭിനന്ദ് പി.എസ്
9A

## സയൻസ് ക്വിസ്

1. അസ്ഥിമജ്ജകൾ പറയുന്ന പേര് എന്ത് ?
2. ആധുനിക മനുഷ്യന്റെ ശാസ്ത്രീയനാമം എന്ത് ?
3. ശരീരത്തിലെ ഏറ്റവും വലിയ അസ്ഥിയേത് ?
4. ശരീരത്തിലെ ഏറ്റവും ചെറിയ അസ്ഥിയേത് ?
5. എല്ലിലെ പ്രധാനഘടകവസ്തുവായ രാസപദാർത്ഥം ഏത് ?
6. അസ്ഥികളെ സംബന്ധിക്കുന്ന പഠനം ഏത് ?
7. നാഡീവ്യവസ്ഥയിലെ കോശങ്ങൾക്ക് പറയുന്ന പേര് എന്ത് ?
8. ശരീരത്തിലെ ഏറ്റവും വലിയ നാഡി ഏത് ?
9. ഏറ്റവും വികാസം പ്രാപിച്ചിട്ടുള്ള സെറിബ്രൽ കോർട്ടക്സ് ഉള്ള ജീവി ഏത് ?
10. കണ്ണുനീരിലെ ബാക്ടീരിയ നാശിനിയേത് ?
11. ശരീരത്തിലെ ഏറ്റവും വലിയ ജ്ഞാനേന്ദ്രിയം ഏത് ?
12. ശ്വേതരക്താണുക്കൾക്ക് പൊതുവെ പറയുന്ന പേര് എന്ത് ?
13. രക്തത്തിൽ കാണുന്ന സൂക്ഷ്മകോശദ്രവ്യകണങ്ങൾ ഏത് ?
14. ശരീരത്തിലെ ദ്രാവകരൂപത്തിലുള്ള ഒരു കല ഏത് ?
15. ശരീരത്തിലെ ഏറ്റവും വലിയ ദഹന ഗ്രന്ഥിയേത് ?
16. ഉമിനീരിലടങ്ങിയിരിക്കുന്ന എൻസൈം ഏത് ?
17. ആധുനിക വൈദ്യശാസ്ത്രത്തിന്റെ പിതാവ് ആര് ?
18. വൃക്കായന്ത്രം കണ്ടുപിടിച്ചത് ആര് ?
19. 'ഉറുമ്പുതീനി'യുടെ യഥാർത്ഥ പേര് എന്ത് ?
20. ഫിസിക്സിൽ (ഊർജ്ജതന്ത്രത്തിൽ) നോബൽ സമ്മാനം ലഭിച്ച ആദ്യത്തെ ഭാരതീയൻ ആര് ?
21. സൂര്യപ്രകാശത്തിൽ ഏഴ് വർണങ്ങളുണ്ടെന്ന് തെളിയിച്ച ശാസ്ത്രജ്ഞൻ ആര് ?
22. വിശിഷ്ടതാപധാരിത ഏറ്റവും കൂടിയ പദാർത്ഥമേത് ?
23. അച്ചടിയന്ത്രം കണ്ടുപിടിച്ചത് ആര് ?
24. പെൻഡുലം ക്ലോക്ക് കണ്ടുപിടിച്ചത് ആര് ?
25. ഹൈഡ്രജൻ കണ്ടുപിടിച്ചത് ആര് ?
26. രസതന്ത്രത്തിന്റെ പിതാവ് ആര് ?
27. ദ്രാവകരൂപത്തിലുള്ള ഒരു സുചാലകം ഏത് ?
28. ഏറ്റവും ഭാരം കുറഞ്ഞ ആറ്റം ഏത് ?
29. ജലത്തിന്റെ തന്മാത്രാഭാരം എത്ര ?
30. ലോകത്തിൽ ഏറ്റവും അധികമുള്ള ലോഹമേത് ?

**ഉത്തരം അടുത്ത പേജിൽ**

ഉത്തരം

1. മെഡുല്ലാ ഓസിയം
2. ഹോമോസാപ്പിയൻസ്
3. തുടയെല്ല് (ഫീമർ)
4. സ്റ്റേപ്പിസ് (സ്റ്റിറപ്പ്)
5. കാത്സ്യം ഫോസ്ഫേറ്റ്
6. ഓർത്തോപീഡിക്സ്
7. ന്യൂറോണുകൾ
8. സിയാറ്റിക് നാഡി
9. മനുഷ്യൻ
10. ലൈസോസൈം
11. ത്വക്ക്
12. ല്യൂക്കോസൈറ്റുകൾ
13. പ്ലേറ്റ്ലറ്റുകൾ
14. രക്തം
15. കരൾ
16. ടയലിൻ
17. ഹിപ്പോക്രാറ്റിസ്
18. കോൾഫ്
19. പൻഗോളിൻ
20. സർ.സി.വി.രാമൻ
21. സർ.ഐസക് ന്യൂട്ടൻ
22. ജലം
23. ഗുട്ടാൻ ബർഗ്
24. ഹൈഗൻസ്
25. കാവൽഡിഷ്
26. ലാവോസിയർ
27. മെർക്കുറി (രസം)
28. ഹൈഡ്രജൻ
29. 18
30. അലുമിനീയം

ബിജിഷ് ലാൽ
9A

## ഗണിത ക്വിസ്

1. ഗണിതശാസ്ത്രത്തെക്കുറിക്കുന്ന 'മാതമാറ്റിക് 'എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥമെന്ത് ?
2. രേഖാഗണിതത്തിന്റെ ആചാര്യൻ ആര് ?
3. ആധുനിക ഗണിതശാസ്ത്രത്തിന്റെ സ്ഥാപകൻ ആര് ?
4. സംഖ്യാശാസ്ത്രത്തിന്റെ ഉപജ്ഞാതാവ് ആര് ?
5. ത്രികോണമിതിയുടെ ഉപജ്ഞാതാവ് ആര് ?
6. സംഖ്യാ ദർശനത്തിന്റെ ഉപജ്ഞാതാവ് ആര് ?
7. മനുഷ്യൻ ആദ്യമായുണ്ടാക്കിയ ഒരു സാർവത്രിക ഭാഷ ഏത് ?
8. ആധുനിക സംഖ്യാസമ്പ്രദായത്തിന്റെ ഉത്ഭവസ്ഥാനം എവിടെ ?
9. ഭാരതീയ ഗണിതാചാര്യന്മാരിൽ അഗ്രഗണ്യൻ ആര് ?
10. ആധുനികസംഖ്യാസിദ്ധാന്തത്തിന് അടിത്തറ പാകിയത് ആര് ?
11. ‘ലീലാവതി’ എന്ന പ്രശസ്തഗണിതഗ്രന്ഥത്തിന്റെ രചയിതാവ് ആരാണ് ?
12. ചിത്രങ്ങളുടെ സഹായത്താൽ ഗണങ്ങളെ അവതരിപ്പിച്ചത് ആര് ?
13. ആര്യഭടന്റെ കണക്കുപ്രകാരം ഭൂഗോളത്തിന്െറ ചുറ്റളവ് എത്ര ?
14. ബീജഗണിതത്തിന്റെ പിതാവ് ആര് ?
15. ദശാംശ അളവുകളുടെ അന്താരാഷ്ട്രപദ്ധതി എന്നാണ് നടപ്പിൽ വന്നത് ?

ഉത്തരം അടുത്ത പേജിൽ

**ഉത്തരം**

**1. പഠിഞ്ഞ സംഗതികൾ**
**2. യൂക്ലിഡ്**
**3. കാൾഫ്രിഡ്രിക് ഗൗസ്**
**4. യാക്കോബി**
**5. ഹിപ്പാർഛസ്**
**6. അഖിലൻ**
**7. അക്കങ്ങൾ**
**8. ഇന്ത്യ**
**9. ഭാസ്കരൻ**
10. ഫെർമ
11. ഭാസ്കരൻ
12. ജ്വോൺവെൻ
13. 25080 നാഴിക
14. ഡയോഫാന്റ്സ്
15. 1960 ൽ

സഞ്ജിത്ത് എം.ആർ
9A

ഇത് ഞങ്ങളുടെ
ദൃഷ്ടിയാണ്........
താളുകളിൽ ഞങ്ങൾ
ഒളിപ്പിച്ച ചിന്തകളുടെ
നുറുങ്ങുകൾ...........
പ്രകൃതിയേയും പുസ്തകങ്ങളേയും
അക്ഷരമാക്കാനുള്ള ചെറു ശ്രമം............
പോരായ്മകൾ ധാരാളം...............
എങ്കിലും നിങ്ങളുടെ ദൃഷ്ടി
ഞങ്ങളുടെ ദൃഷ്ടിയിലൂടെ പായിക്കുവാനുള്ള
മനസ്സു കാണിച്ചതിന് ഒരായിരം നന്ദി......
നന്ദി.....
നന്ദി.....

******************

